# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 91

14/02/2011 **ൽ**
മറുപടിക്ക്

## കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോർജ്ജ് എം. തോമസ്:<br>ശ്രീ. വി.എൻ. വാസവൻ:<br>ശ്രീമതി.. കെ.എസ്. സലീഖ:<br>ശ്രീ. രാജു എബ്രഹാം: | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് ലിഡാ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്; | (എ) ലിഡാ ജേക്കബ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കെ.ഇ.ആർ പരിഷ്കരണം സംബന്ധിച്ച സി.പി. നായർ കമ്മിറ്റി റിപ്പോർട്ടും ലിഡാ കമ്മീഷൻ റിപ്പോർട്ടും സംയോജിപ്പിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) ഉണ്ട്. പൊതുവിദ്യാഭ്യാസവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി. പി. വനജ കൺവീനറായും, ശ്രീ.എൻ. ത്യാഗരാജൻ, ശ്രീ, ജോൺ ബ്രിട്ടോ, ശ്രീ.കെ.ടി. ജോർജ്ജ്, ശ്രീ. ജെ. ശശി, ശ്രീ. എൻ. ശ്രീകുമാർ, ശ്രീ. സി. ഉസ്മാൻ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | |
| (ഡി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിനായി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) വിവിധ തലങ്ങളിൽ ഇതിനോടകം ചർച്ച നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *92 14.02.2011 ൽ മറുപടിക്ക്

**മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി**

**ചോദ്യം**

**ശ്രീ. കെ.വി. കുഞ്ഞിരാമൻ**
**ശ്രീമതി. ജെ. അരുന്ധതി**
**ശ്രീ. എം. പ്രകാശൻ മാസ്റ്റർ**
**ശ്രീമതി. കെ.കെ. ലതിക**

**മറുപടി**

**ശ്രീ. എം.എ.ബേബി**
**(ബഹു:വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി)**

എ) മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

ബി) മലയാളത്തിന്റെ പ്രാചീനതയും, ക്ലാസ്സിക്കൽ പദവിയ്ക്കുള്ള അർഹതയും വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

എ)& ബി) മലയാളത്തിന് ക്ലാസ്സിക്കൽ പദവിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി 19/02/2009 ൽ ഒരു സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. ഈ സമിതിയിൽ പ്രമുഖ സാഹിത്യകാരൻമാരെയും ഭാഷാ പണ്ഡിതൻമാരെയും ഉൾപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 29/04/2010 ൽ ചേർന്ന സമിതിയുടെ യോഗ തീരുമാന പ്രകാരം 2010 മെയ് 5 ന് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രത്യേക പ്രതിനിധി സംഘം ബഹു. പ്രധാനമന്ത്രിയെ സന്ദർശിച്ച് മലയാളത്തിന് ക്ലാസ്സിക്കൽ പദവി നൽകണമെന്ന് ആവശ്യപ്പെടുന്ന നിവേദനം സമർപ്പിക്കുകയുണ്ടായി. കേരളത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് പ്രധാനമന്ത്രി ഉറപ്പ് നൽകിയിട്ടുള്ളത്. തുടർ നടപടിയായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രവർത്തക സമിതി രൂപീകരിച്ച് 06/07/2010-ൽ ഉത്തരവായിട്ടുണ്ട്. ഈ സമിതിയിൽ ബഹു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. സി. ദിവാകരൻ ഉപാദ്ധ്യക്ഷനും, വിദ്യാഭ്യാസ സാംസ്കാരിക വകുപ്പ് മന്ത്രി കൺവീനറുമാണ്. കൂടാതെ ഡോ. സുകുമാർ അഴീക്കോട്, പ്രൊഫ. ഒ.എൻ.വി. കുറുപ്പ്, ശ്രീ. എം.ടി. വാസുദേവൻ നായർ, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, പ്രൊഫ. എം. ലീലാവതി, ശ്രീമതി. സുഗതകുമാരി, ശ്രീമതി. പി. വത്സല, ശ്രീ. എം.എൻ. കാരശ്ശേരി, പ്രൊഫ. സ്കറിയ സക്കറിയ എന്നിവർ അംഗങ്ങളുമാണ്. തിരുവനന്തപുരത്തെ ഇൻറർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിൽ ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ നേതൃത്വത്തിൽ ക്ലാസിക് ഭാഷാ പദവിക്ക് മലയാളത്തിന്റെ അർഹത തെളിയിക്കുന്ന രേഖകൾ തയ്യാറാക്കി പ്രധാനമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| സി) മലയാള ഭാഷാ പഠനത്തിനും ഗവേഷണ ത്തിനും പ്രാമുഖ്യം നൽകുന്നതിന് പദ്ധതി കൾ ആവിഷ്കരിക്കുമോ? | സി) പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 93

14.02.2011 ൽ
മറുപടിയ്ക്ക്

**ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ നടപടി**

**ചോദ്യം**

**ഉത്തരം**

**ശ്രീ.വി. ചെന്താമരാക്ഷൻ :**
**" സി.കെ.പി. പത്മനാഭൻ**
**" കെ. കുഞ്ഞിരാമൻ**
**" വി.ജെ. തങ്കപ്പൻ**

**ശ്രീ. എളമരം കരീം**
**(ബഹു. വ്യവസായ വകുപ്പ് മന്ത്രി)**

(എ) ഖാദിഗ്രാമ വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) 1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 വർഷം 500 ലക്ഷം രൂപയും 2009-10 വർഷം 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തി. 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തുകയും പിന്നീട് ഖാദി കമ്മീഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ നിലവിലുള്ള 10% റിബേറ്റിന് പുറമേ അധികമായി 10% റിബേറ്റ് കൂടി അനുവദിക്കുകയും (ആകെ 20%) ഈ അധിക റിബേറ്റിനു വേണ്ടി 525 ലക്ഷം രൂപ അനുവദിയ്ക്കുകയും ചെയ്തു.

2. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി

സ്വീകരിച്ചു. ഏറ്റു ക്കുടുക്ക ട്വൈസ്റ്റർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.

3. ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ നൽകി.

4. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളി കൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഇതാദ്യമായി ഉത്സവബത്ത നൽകി. പിന്നീട് വർദ്ധിപ്പിച്ച് 300 രൂപയും വീണ്ടും വർദ്ധിപ്പിച്ച് 350 രൂപയും ആക്കി. ഇപ്പോൾ ഒരു വർദ്ധനവും കൂടി നൽകി ഇത് 500 രൂപയാക്കി.

5. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 20 ലക്ഷം രൂപയും 2009-2010 വർഷം 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 25 ലക്ഷം രൂപയും 2009-2010 വർഷം 20 ലക്ഷം രൂപയും വകയിരുത്തി. ഇതുമൂലം 24 ഖാദി സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര

സഹായ ഫണ്ട് (ACA) രണ്ട് കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിച്ചു.

8. ഖാദി കൈതൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തി. നിലത്തിരുന്ന് ചർക്ക പ്രവർത്തിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. ഇതിലൂടെ 2009-10 വർഷം 400 ഖാദി കൈതൊഴിൽകാർക്ക് മേശയും

സ്സുള്ളും നൽകി. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. ഖാദിവിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09 വർഷം 50 ലക്ഷം രൂപയും 2009-2010 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10. ഖാദി വില്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ സ്ഥാപിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പുത്തൻ ഉണർവ് നൽകുകയും ചെയ്തിട്ടുണ്ട്.

12. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

13. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

14. തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

15. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നുണ്ട്.<br>16. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു. (SCP pooled fund) |
| (ബി) | ഖാദിസഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ ഫ്ലാഗ്ഷിപ്പ് പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്.<br>പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷവും 2008-09 -ൽ 20 ലക്ഷവും 2009-10-ൽ 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദിസ ഹകരണ സംഘങ്ങൾ പുനരു ദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഈ ഇനത്തിൽ 25 ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്. |
| (സി) | വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കു മോ ; | (സി) | ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി കമ്മീഷന്റെ സഹായത്തോടെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ധനകാര്യസ്ഥാപനങ്ങളുടെ (ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ) സാമ്പത്തിക സഹായത്തോടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഗ്രാമ വ്യവസായ യൂണിറ്റുകൾ (ഖാദി ഒഴികെയുള്ള വസ്ത്ര നിർമ്മാണ യൂണിറ്റുകൾ) ആരംഭിച്ച് ഉല്പാദന പ്രവർത്തനം നടത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സംരംഭകർക്ക് പ്രോജക്ട് തുകയുടെ 25% മുതൽ 35% വരെ മാർജിൻ മണി ഗ്രാന്റായി ഖാദി ബോർഡിൽ നിന്ന് ലഭിക്കുന്നതാണ്. ധനകാര്യ സ്ഥാപനങ്ങൾ, സംരംഭകർക്ക് മുതൽ മുടക്കിന്റെ 95% വരെ വായ്പ നൽകുന്നതാണ്. |
| (ഡി) | ഖാദിയ്ക്ക് കേന്ദ്ര റിബേറ്റ് അനുവദിക്കുന്നുണ്ടോ; സംസ്ഥാന സർക്കാർ എത്ര ശതമാനം റിബേറ്റ് അനുവദിച്ചിട്ടുണ്ട്; | (ഡി) | ഇല്ല.<br>01/04/2010 മുതൽ കേന്ദ്ര സർക്കാർ റിബേറ്റ് നിർത്തി. സംസ്ഥാന സർക്കാർ 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തുകയും ഖാദി കമ്മീഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ നിലവിലുള്ള 10 |

ശതമാനം റിബേറ്റുകൂടി അനുവദിക്കുകയും (ഇപ്പോൾ ആകെ 20% ) ഇതിനുവേണ്ടി 525 ലക്ഷം രൂപ അധികമായി വകയിരുത്തി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | ഖാദി വസ്ത്രങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ഇ) | വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 വർഷം 500 ലക്ഷം രൂപയും 2009-10 വർഷം 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തി. 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തി ഇതുമൂലം ഖാദിമേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്. |

ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09 വർഷം 50 ലക്ഷം രൂപയും 2009-2010 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്നും വിദ്യാർത്ഥികളുടെ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥ നയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി.

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്.

നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ, പുതിയ തരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം കാര്യക്ഷമവും വിപുലവുമാക്കിയിട്ടുണ്ട്.

| | |
|---|---|
| എഫ്) പരമ്പരാഗത തേനീച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്ന് വെളിപ്പെടുത്തുമോ ? | എഫ്) പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന് വേണ്ടി തേൻ കലവറ എന്ന പദ്ധതി നടപ്പാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 40 ലക്ഷം രൂപ അനുവദിച്ചു. ഈ പദ്ധതിയിൻ കീഴിൽ തേനീച്ച കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലന പരിപാടി നടപ്പാക്കി വരുന്നുണ്ട്. തേനീച്ച കൂട് ഒന്നിന 50% സബ്സിഡി (പരമാവധി 600 രൂപ) നൽകുന്നുണ്ട്. ഈ മേഖലയിൽ ആവശ്യമായ മറ്റ് തുടർ സഹായങ്ങളും ചെയ്ത് കൊടുക്കുന്നുണ്ട്. തേനീച്ച കർഷകരിൽ നിന്നും തേൻ ശേഖരിച്ച് പ്രോസസ്സ് ചെയ്ത് വിൽക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം കോട്ടയം ജില്ലയിലെ പാമ്പാടിയിൽ ഒരു തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:- 94 — 14.02.2011-ൽ മറുപടിയ്ക്ക്

## വന്യജീവികളുടെ ആക്രമണം മൂലം കാർഷിക വിളകൾക്ക് നാശനഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ.<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ. | വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ. | വിജിലൻസ് വിഭാഗത്തിൽ നിലവിൽ ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽ രണ്ട് മേഖലകളിലായി രണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരും, 8 ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും, അതിനു താഴെ റെയിഞ്ച് ഓഫീസർമാർ, ഫോറസ്റ്റർമാർ, ഫോറസ്റ്റ് ഗാർഡുകൾ എന്നിവരടങ്ങുന്ന 18 ഫ്ളൈയിംഗ് സ്ക്വാഡുകളുമുണ്ട്. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ ഒരു റെയിഞ്ച് ഓഫീസറും, 4 ഫോറസ്റ്റ് ഗാർഡും ഉൾപ്പെടെ ഒരു ഇന്റലിജൻസ് സെൽ വിജിലൻസ് വിഭാഗത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വനം വകുപ്പിലെ 65 ജീവനക്കാർക്ക് പോലീസ് വിഭാഗം വഴി പ്രത്യേക രഹസ്യാന്വേഷണ പരിശീലനം നൽകിയിട്ടുണ്ട്. 4 പുതിയ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകൾ കൂടി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള ആയുധങ്ങളുടെ ലഭ്യതയും, വാർത്താ വിനിമയ സംവിധാനങ്ങളും, വാഹന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| ബി. | ചന്ദന മരങ്ങളുടെയും, മറ്റ് വനോൽപ്പന്നങ്ങളുടെയും മോഷണം തടയുന്നതിനും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി. & സി | ചന്ദന മോഷണം, മറ്റ് വനോൽപ്പന്നങ്ങളുടെ മോഷണം, വന്യജീവി വേട്ട എന്നിവ ഫലപ്രദമായി തടയുന്നതിലും കുറ്റകൃത്യങ്ങൾ കണ്ടു പിടിക്കുന്നതിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. രഹസ്യാന്വേഷണ പ്രവർത്തനങ്ങൾ, വനാന്തരങ്ങളിലെ ആന്റി പോച്ചിംഗ് ക്യാമ്പുകൾ, വനമേഖലകളിലെ നിരന്തരമായ പരിശോധന, റോഡിലെ പട്രോളിംഗ്, വനസംരക്ഷണസമിതികളുടെ പ്രവർത്തനങ്ങൾ, ശക്തമായ പ്രോസിക്യൂഷൻ നടപടികൾ എന്നിവ വഴി വനം വന്യജീവി കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കാനും, കേസ്സുകൾ ഫലപ്രദമായി നടത്താനും സാധിച്ചിട്ടുണ്ട്. |
| സി. | വന്യജീവി വേട്ട തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| ഡി. | വന്യജീവി സെൻസസിൽ എന്തെല്ലാം വന്യജീവികളുടെ എണ്ണത്തിൽ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്, വൈൽഡ് ലൈഫ് ക്രൈം ബ്യൂറോകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി. | വന്യജീവി കണക്കെടുപ്പ് നടത്തുമ്പോൾ വന്യജീവികളുടെ എണ്ണത്തിൽ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. കടുവ, ആന എന്നിവയുടെ സെൻസസാണ് പതിവായി നടത്തിവരുന്നത്. 2006 ലെ സെൻസസ് പ്രകാരം കടുവകളുടെ എണ്ണത്തിൽ കുറവു വന്നതായി കണ്ടിരുന്നു. 2010 ലെ സെൻസസിന്റെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിലും കടുവകളുടെ എണ്ണത്തിൽ വർദ്ധനവുള്ളതായാണ് സൂചന. വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ ചെന്നൈ റീജിയണൽ ഓഫീസിനു കീഴിലുള്ള കൊച്ചിയിലെ സബ് റീജിയണൽ ഓഫീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഇ. | വന മേഖലയിലെ കള്ളവാറ്റും, കഞ്ചാവ് കൃഷിയും തടയുന്നതിന് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം പ്രയോജന പ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഇ. | വിജിലൻസ് വിഭാഗത്തിന്റെ കൂടി പ്രവർത്തനഫലമായി വനത്തിനുള്ളിൽ കഞ്ചാവ് കൃഷിയും, വ്യാജ വാറ്റും ഫലപ്രദമായി തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിജിലൻസ് വിഭാഗം കൺസർവേറ്റർ മാരുടെയും, ടെറിട്ടോറിയൽ, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും നേതൃത്വത്തിൽ വനത്തിനുള്ളിലും, അന്തർ സംസ്ഥാന വനാതിർത്തികളിലും, ടെറിട്ടോറിയൽ, വൈൽഡ് ലൈഫ് ഡിവിഷണൽ ജീവനക്കാരുടെ സഹകരണത്തോടെ വനത്തിനുള്ളിൽ ക്യാമ്പ് ചെയ്തും പരിശോധന നടത്തിയുമാണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

[illegible] ലൈബ്രറിയിൽ [illegible]

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **95 :** 14/**02/2011-ൽ മറുപടിക്ക്**

**വ്യവസായ വികസനത്തിന് തമിഴ്നാട് മോഡൽ സ്വീകരിക്കുന്നതിനുള്ള നടപടി**

ചോദ്യം

ശ്രീ. യു. സി. രാമൻ:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യവസായ വകുപ്പിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയ ശേഷം കൈവരിച്ചിട്ടുള്ള നേട്ടം വിശദമാക്കുമോ; | (എ) | വ്യവസായ വകുപ്പിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയ ശേഷം 31/12/2010 വരെ 1584 അപേക്ഷകൾ ലഭിച്ചതിൽ 1470 എണ്ണം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇത് ആകെ അപേക്ഷകളുടെ 93 ശതമാനം ആണ്, |
| (ബി) | ഏകജാലക സംവിധാനം പരാജയമാണെന്നും പ്രസ്തുത സംവിധാനം മൂലം കേരളത്തിൽ വ്യവസായം മുടങ്ങാൻ കാരണമാകുന്നു എന്നുമുള്ള പ്രതികരണങ്ങളെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ; | (ബി) | ആകെ ലഭിച്ച അപേക്ഷകളിൽ 93 ശതമാനം അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്. ടി സംവിധാനം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടെന്ന് പ്രസ്തുത കണക്ക് സൂചിപ്പിക്കുന്നു. ഇപ്പോഴും ഏകജാലക സംവിധാനത്തിൽ ധാരാളം അപേക്ഷകൾ ലഭിച്ചുകൊണ്ടേയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ഈ സംവിധാനം ഒരു വിജയമാണെന്നാണ്. ഏകജാലക സംവിധാനം മൂലം കേരളത്തിൽ വ്യവസായം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ വ്യവസായ വികസനത്തിന് മുഖ്യമന്ത്രിമാർ നേരിട്ട് താല്പര്യമെടുക്കുന്നതു കൊണ്ട് പ്രസ്തുത സംസ്ഥാനങ്ങളിൽ വ്യവസായ രംഗത്തെ വളർച്ച ത്വരിത ഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ തമിഴ്നാട് മോഡൽ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; | (സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തമിഴ്നാട് മോഡൽ സ്വീകരിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടില്ല. |
| (ഡി) | തമിഴ്നാട്ടിൽ വ്യവസായ വികസനത്തിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് പഠിച്ച്, അനുയോജ്യമായ വിധം ഇവിടെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 96   14.02.2011 ൽ മറുപടിക്ക്**

**<u>സ്കൂൾ കലോത്സവം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി എൻ വാസവൻ<br>ശ്രീ. എ പ്രദീപ് കുമാർ<br>ശ്രീ. ബാബു എം പാലിശ്ശേരി<br>ശ്രീ. വി ശിവൻകുട്ടി | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ വർഷത്തെ സ്കൂൾ കലോത്സവം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഇല്ല, ഇതു സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ഈ മാസം അവസാനം ചേരുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനത്തിനും മറ്റു ചെലവുകൾക്കുമായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (ബി) & (സി) | രക്ഷാകർത്താവിന്റെ വാർഷിക വരുമാനം 75000/- രൂപയിൽ കുറവായ കുട്ടികൾക്ക് നൃത്ത ഇനങ്ങളിൽ ജില്ലാ - സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പരാമവധി 10000/- രൂപ സാമ്പത്തിക സഹായം നൽകാറുണ്ട്. |
| (സി) | ചെലവ് കൂടുതലുള്ള ഇനങ്ങളിൽ പങ്കെടുക്കുന്നതിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | | |
| (ഡി) | ഈ വർഷം എത്ര കുട്ടികൾ അപ്പീൽ നൽകി കലാമേളയിൽ പങ്കെടുത്തു; | (ഡി) | 515 കുട്ടികൾ |
| (ഇ) | കലാമത്സരങ്ങളിൽ അവതരിപ്പിക്കുന്ന വിവിധ ഇനങ്ങളുടെ നിലവാരം കുറഞ്ഞുവരുന്നതായി ആക്ഷേപമുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഇല്ല |
| (എഫ്) | അടുത്ത വർഷത്തെ കലാമേളയിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (എഫ്) | കലാമേള സംബന്ധിച്ച് പരിഷ്കാരങ്ങൾ പരിഗണിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ശില്പശാല സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 97 : 14/02/2011-ൽ മറുപടിക്ക്

ചെറുകിട -സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. രാജാജി മാത്യൂ തോമസ്:
ശ്രീ. എൻ. അനിരുദ്ധൻ:
ശ്രീ. ബാബു പോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ:

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചെറുകിട -സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.<br>1. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.<br>2. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നു.<br>3. സംസ്ഥാന നിക്ഷേപ സബ്സിഡി<br>4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ് പരിശീലനം എന്നിവ നൽകുന്നു.<br>5. ഗ്രീൻ ചാനൽ കൗണ്ടർ/ഏകജാലക |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളിലൂടെ ക്ളിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ<br>6. സെമിനാറുകളും പരിശീലനവും ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് നൽകുന്നു.<br>7. പ്രദർശന വിപണന മേളകളിലൂടെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.<br>8. സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് വ്യവസായ വകുപ്പ് മുഖേന നൽകിവരുന്നുണ്ട്.<br>9. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റ് വരവ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി സംവിധാനം.<br>11. കാർഷിക അധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്കുളള പ്രത്യേക സാമ്പത്തിക സഹായങ്ങൾ<br>12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | | | **13.** അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്<br>**14.** സാങ്കേതിക വിദ്യാ വികസന നിധി<br>**15.** ഗവേഷണ കേന്ദ്രങ്ങൾ ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>**16.** പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ളസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.<br>**17.** വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.<br>**18.** സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എം. എസ്. ഇ. അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>**19.** കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ കാലയളവിൽ നഷ്ടത്തിലായതും പൂട്ടിക്കിടക്കുന്നതുമായ ഇത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ | (ബി) | നഷ്ടത്തിലായതും പൂട്ടികിടക്കുന്നതുമായ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നിരവധി പരിപാടികൾ വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മൂലധന സംബന്ധമായ കാര്യങ്ങളിൽ പ്രയാസമനുഭവിക്കുന്ന സ്ഥാപനങ്ങളുടെ അധിക വായ്പ, നിലവിലുള്ള വായ്പ, തിരിച്ചടയ്ക്കാൻ സാവകാശം എന്നിവ ലഭിക്കുന്നതിന് ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നുണ്ട്. പീഢിത വ്യവസായമായി രജിസ്റ്റർ ചെയ്യുന്ന യൂണിറ്റിനും മാർജിൻ മണി സ്റ്റാർട്ട് അപ്പ് ചെലവുകൾ എന്നിവയ്ക്ക് ഗവൺമെന്റ് വായ്പ നൽകുന്നു. നിലവിലുള്ള വായ്പകൾ തിരിച്ചടക്കാൻ സാവകാശവും നൽകുന്നുണ്ട്.<br>ഇത്തരത്തിൽ 746 ചെറുകിട യൂണിറ്റുകൾ കഴിഞ്ഞ 3 വർഷം പുനരുദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 98 — 14.02.2011-ൽ മറുപടിയ്ക്ക്

## വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ.<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. സംസ്ഥാനത്തെ വനമേഖലയോടു ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ. ഉണ്ട്.<br>ഇത് തടയുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>1) കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയാൻ കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നു.<br><br>2) കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങിവരുന്ന മൃഗങ്ങളെ തിരിച്ചു കാടുകളിലേയ്ക്ക് ഓടിച്ചു വിടുന്നു.<br><br>3) ഉൾവനങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി തടയണകളും, കുളങ്ങളും നിർമ്മിക്കുന്നു.<br><br>4) കാട്ടു മൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.<br><br>5) എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടികൾ എടുത്തുവരുന്നു.<br><br>6) ഉൾവനങ്ങളിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളായ കള്ളവാറ്റും, കഞ്ചാവുകൃഷിയും, കാട്ടുതീയും തടയുന്നതിനുള്ള ഊർജ്ജിതശ്രമങ്ങൾ നടത്തുന്നു. |

7). കാട്ടിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നു.

8) ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുന്നു.

9) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷവും തുടർന്നുണ്ടാകുന്ന ജീവഹാനി അടക്കമുള്ള നാശനഷ്ടങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ബി. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

ബി. വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980 ലെ കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ഈ ചട്ടം 7.7.2010 ലെ ജി.ഒ.ആർ.ടി. നം. 297/2010/വനം സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയിട്ടുണ്ട്. പുതുക്കിയ ഉത്തരവ് പ്രകാരം കൃഷിനാശമുൾപ്പെടെയുള്ള സന്ദർഭങ്ങളിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ജീവഹാനി | 3 ലക്ഷം രൂപ. |
| 2. | വനത്തിന് പുറത്ത് പാമ്പ്കടിയേറ്റ് ജീവഹാനി | 1 ലക്ഷം രൂപ |
| 3. | വിളനാശം, വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 50000 രൂപ) |
| 4. | സ്ഥിരമായ അംഗവൈകല്യം | 25000 രൂപ വരെ |

| | | |
|---|---|---|
| സി. | പ്രസ്തുത ആനുകൂല്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? ; | സി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 16.6.2009 ലും 7.7.2010 ലും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വിളനാശം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ നഷ്ടത്തിന്റെ 75% എന്നത് 100% എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് 7.7.2010 ലാണ്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനാവശ്യം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 99 — 14.02.2011-ൽ മറുപടിക്ക്

### ദുരന്ത നിവാരണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.എ വാഹിദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ബി. ബാബു പ്രസാദ്<br>ശ്രീ. സി.പി മുഹമ്മദ് | | ശ്രീ. കെ.പി രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങൾ നിവാരണം ചെയ്യുന്നതിനുള്ള ആസൂത്രണവും പരിശീലനവും ഏകോപിപ്പിക്കുന്നതിനായി സ്ഥാപിച്ച ദുരന്ത നിവാരണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സ്ഥാപനം ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത്; | (ബി) | പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും മുൻകരുതൽ എടുക്കുന്നതിനും ജനങ്ങളെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിലെ ദുരന്ത നിവാരണ വിഭാഗം വിവിധ പരിശീലന പരിപാടികൾ ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് (NIDM), യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP) എന്നിവയുമായി സഹകരിച്ചുകൊണ്ട് റവന്യൂ, പഞ്ചായത്ത്, കൃഷി, മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, മൈനിംഗ് ആന്റ് ജിയോളജി, പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്കും, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾക്കും, നെഹ്റു യുവ കേന്ദ്ര, എൻ.എസ്.എസ്, എൻ.സി.സി തുടങ്ങിയ അംഗീകൃത സന്നദ്ധ സംഘടനകൾക്കും കുടുംബശ്രീ പോലെയുള്ള വനിതാ സംഘടനകൾക്കും പ്രകൃതി ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ ഈ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുണ്ട്. |

ഐ.എൽ.ഡി.എം-ലെ ദുരന്തനിവാരണ വിഭാഗം സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങൾ നിവാരണം ചെയ്യുന്നതിനുവേണ്ട പരിശീലനം വളരെ കാര്യക്ഷമമായി നടത്തുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ നിബന്ധനയനുസരിച്ചുള്ള 25 പരിശീലന പരിപാടികൾക്കു പുറമേ 43 പരിശീലനപരിപാടികൾ കൂടി നടത്തുവാൻ കഴിഞ്ഞു. ഈ വർഷവും വളരെ ഭംഗിയായി പരിശീലന പരിപാടികൾ നടന്നു കൊണ്ടിരിക്കുന്നു. ഈ കലണ്ടർ വർഷത്തിൽ, ഡിസംബർ വരെ, ക്യാമ്പസ്സിനുള്ളിലും പുറത്തുമായി 68 ഓളം പരിശീലനപരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിൽ എൻ.എസ്.എസ്, എൻ.സി.സി, യുവജനക്ഷേമ ബോർഡ്, പോളിടെക്നിക്ക്, ഐ.ടി.ഐ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, കൃഷി, റവന്യൂ, കോർപ്പറേഷനുകൾ തുടങ്ങിയവയിലെ ഉദ്യോഗസ്ഥർ, ആയ്യൂർവ്വേദ, ഹോമിയോ ഡോക്ടർമാർ, റെസിഡൻസ് അസോസിയേഷൻ, എൻ.ജി.ഒ, സ്ത്രീ സംഘടനകൾ തുടങ്ങിയവയ്ക്കുള്ള 35 പരിശീലന പരിപാടികളും, യു.ജി.സി അദ്ധ്യാപകർ, വിക്രം സാരാഭായി സ്പേസ് സെന്ററിലെ ശാസ്ത്രജ്ഞർ, ഹിന്ദുസ്ഥാൻ ലാറ്റക്സ്, പുതുതായി റിക്രൂട്ട് ചെയ്യപ്പെട്ട 150 ഓളം പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്കു നടത്തിയ 33 പരിശീലന പരിപാടികളും ഉൾപ്പെടുന്നു. ഈ സ്ഥാപനത്തിലെ ദുരന്തനിവാരണ വിഭാഗം പരിശീലന പരിപാടികൾക്കു പുറമേ കേരളത്തിൽ നടന്നുവരുന്ന ദുരന്തങ്ങൾക്ക് ഗവൺമെന്റ് ആവശ്യപ്പെടുന്നതിനനുസരിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിലും പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുന്ന വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലേക്ക് ഭൂകമ്പം, ഇടിമിന്നൽ, രാസവ്യവസായ അപകടങ്ങൾ, ഉരുൾപൊട്ടൽ തുടങ്ങിയവയെക്കുറിച്ചുള്ള ദുരന്തനിവാരണ ബോധവൽക്കരണ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്തു വരുന്നു.

ഇതിനുപുറമേ, റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിലൂടെയും ദുരന്തനിവാരണ സെന്റർ ബോധവൽക്കരണ പരിപാടികൾ സ്ഥിരമായി നടത്തിവരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | ഇതുകൂടാതെ സംസ്ഥാനത്തൊട്ടാകെയുള്ള റവന്യൂ ജീവനക്കാർക്കും വിവിധ തരത്തിലുള്ള പരിശീലനങ്ങളും വർക്ക് ഷോപ്പുകളും ഐ.എൽ.ഡി.എം-ൽ നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്ത് ദുരന്ത സാദ്ധ്യതാ ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (സി) | സംസ്ഥാനത്ത് ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിൽ ദുരന്ത ലഘൂകരണം ഉറപ്പാക്കുന്നതിനും ദുരന്തത്തിന് ഇരയാവുന്നവർക്ക് സമയോചിതവും പര്യാപ്തവുമായ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തത്ത്വത്തിൽ അംഗീകരിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കേണ്ട സ്ഥലങ്ങളെയും ഇനങ്ങളെയും സംബന്ധിച്ച് ജില്ലാ കളക്ടർ മുഖേന സർവെ നടത്തി വരുന്നു. കൂടാതെ അനുയോജ്യമായ ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിലേക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 100 — 14/02/2011 ൽ മറുപടിയ്ക്ക്

## 'ഭൂമികേരളം' പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കെ. ദിവാകരൻ:<br>ശ്രീ. പി. വിശ്വൻ:<br>ശ്രീ. എ. സി. മൊയ്തീൻ:<br>ശ്രീ. എ. എം. ആരിഫ് | | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീസർവ്വെ ജോലികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 'ഭൂമികേരളം' പദ്ധതിയിലും, പരമ്പരാഗത രീതിയിൽ സർവ്വെ വകുപ്പിന്റെ കീഴിലും റീസർവ്വെ ജോലികൾ പൂർത്തിയാക്കാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. |
| (ബി) 'ഭൂമികേരളം' പദ്ധതിയിലൂടെ എത്ര വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) | സംസ്ഥാനത്ത് റീസർവ്വേ പൂർത്തിയാക്കാൻ ശേഷിക്കുന്ന വില്ലേജുകളിൽ സർവെ വകുപ്പിൽ പരമ്പരാഗത രീതിയിൽ റീസർവ്വെ ചെയ്യുന്നത് ഒഴികെയുള്ള വില്ലേജുകൾ 'ഭൂമികേരളം' പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി റീസർവ്വെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ 12 വില്ലേജുകളുടെയും, രണ്ടാം ഘട്ടത്തിൽ 31 വില്ലേജുകളുടെയും റീസർവ്വെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) ഇതിനകം എത്ര വില്ലേജുകളിലെ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്; | (സി) | 'ഭൂമികേരളം' പദ്ധതിയുടെ കീഴിൽ മലപ്പുറം ജില്ലയിൽ മേൽമുറി വില്ലേജിന്റെ ഫീൽഡ് ജോലികൾ പൂർത്തിയാക്കി 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ഡി) | ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണം നിലവിൽ റിസർവ്വെ പൂർത്തീകരിച്ച വില്ലേജുകളിൽ നടന്നു വരുന്നു. |
| (ഇ) എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ഇല്ല.<br>സംസ്ഥാനത്താകെയുള്ള 1634 വില്ലേജുകളിൽ 777 വില്ലേജുകളിൽ കമ്പ്യൂട്ടറുകൾ ലഭ്യമാണ്. അവശേഷിക്കുന്ന വില്ലേജുകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 101

14.02.2011-ൽ മറുപടിക്ക്.

### വൻകിട വ്യവസായങ്ങളിൽ മുതൽമുടക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എത്ര ധാരണാപത്രങ്ങൾ ഒപ്പു വച്ചിട്ടുണ്ട് ;<br><br>(ബി) പ്രസ്തുത ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ എത്ര വ്യവസായങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ; | (എ)-യും (ബി)-യും<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 66 വൻകിട ഇടത്തരം പദ്ധതികൾ സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി-യുടെ സഹായത്തോടെ 41 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്വകാര്യ മേഖലയിൽ 223 സംരംഭകർക്കും, 3 പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. |
| (സി) പുതുതായി ഇനി എത്ര വ്യവസായ ശാലകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(ഡി) പുതുതായി ഇപ്രകാരം ആരംഭിച്ച സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് എത്ര രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി)-.യും (ഡി)-യും<br><br>2010-2011-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പി--ന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി 10 യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ വഴി 170 കോടി രൂപയുടെ മുതൽ മുടക്കാണ് കണക്കാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 102 | 14/02/2011-ൽ മറുപടിക്ക്

### സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി:<br>ശ്രീ. ബാബു എം. പാലിശ്ശേരി:<br>" എം.എം. മോനായി:<br>" വി. ശിവൻകുട്ടി : | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ; | എ) അദ്ധ്യാപകർക്ക് തുടർച്ചയായ പരിശീലനങ്ങൾ, ക്ലസ്റ്റർ തല പരിശീലനങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ തീവ്രകർമ്മ പരിപാടികൾ (QEPR), തൽസ്ഥല അദ്ധ്യാപക സഹായങ്ങൾ (OSS) തുടങ്ങിയവ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടു ത്തുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, SSA, SCERT, SIEMAT, SIET എന്നീ വിഭാഗങ്ങൾ ഒരു പൊതു പ്രവർത്തന കലണ്ടർ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കിയിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തോടെ ക്ലസ്റ്റർതല പരിശീലനങ്ങൾ തുടർച്ചയായി നടപ്പിലാക്കി. ജില്ലകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഡയറ്റ് പ്രിൻസിപ്പൽമാരും ജില്ലാ പ്രോജക്ട് ഓഫീസർമാരും എല്ലാ മാസവും കൂടി ചേർന്ന് ജില്ലകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിരിക്കുന്നു. ഇതുപോലെ തന്നെ ഓരോ മാസത്തേയും പ്രവർത്തനം വിലയിരുത്തി സംസ്ഥാനതല അവലോകന യോഗങ്ങളിൽ അവതരിപ്പി ച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനതല പരിപാടികൾ ക്രമീകരിച്ചിരി ക്കുന്നത്.<br>അദ്ധ്യാപകർക്കുള്ള തൽസ്ഥല സഹായ പരിപാടി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിയിരുന്നു. ഇതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ക്ലസ്റ്റർ തല പരിശീല നങ്ങൾ നടത്തിയിരുന്നത്.<br>എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി, പഠനം സുഗമമാക്കി. തിരഞ്ഞെടുക്കപ്പെട്ട 107 |

→

സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ നിയമിച്ചു. ഈ സ്കൂളുകളിൽ പഠനക്കൂട്ടങ്ങൾ സംഘടിപ്പിച്ചു. രാത്രികാലങ്ങളിൽ അയൽപക്ക പഠന കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. ഈ സ്കൂളുകളിൽ 'ചങ്ങാതി', 'ഒരുക്കം' തുടങ്ങിയ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ലോക്കൽ റിസോഴ്സ് അദ്ധ്യാപകരെ (LRG) കണ്ടെത്തി ഉപയോഗപ്പെടുത്തി. ഇതുപോലെയുള്ള പ്രവർത്തന പരിപാടികൾ മറ്റു സ്കൂളുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കപ്പെട്ടു. ഇവ എല്ലാം തന്നെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചു.

ഗുണനിലവാരമുള്ള വിദ്യാഭ്യാസം : കുട്ടികളുടെ അവകാശം (Quality Education Pupil's Right) എന്ന തത്വത്തെ അടിസ്ഥാനമാക്കി പൊതു വിദ്യാലയങ്ങളുടെ പഠനബോധന പ്രക്രിയകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ SCERT സ്വീകരിച്ചു.

1. ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ സിലബസ്, പാഠപുസ്തകങ്ങൾ ഇവ പരിഷ്ക്കരിച്ചു.

2. പഠിതാവിലേക്ക് അറിവ് അടിച്ചേൽപ്പിക്കുന്ന രീതിയിൽ നിന്നും പഠിതാവിന്റെ സജീവ പങ്കാളിത്തത്തോടെ, അറിവ് നിർമ്മിച്ചെടുക്കുന്ന പ്രക്രിയയിലേയ്ക്ക് പഠനപ്രക്രിയയുടെ ഊന്നൽ മാറ്റുകയും ഇതിനനുസൃതമായി പാഠപുസ്തകം, അദ്ധ്യാപകസഹായി, പരീക്ഷകൾ, അദ്ധ്യാപക പരിശീലന പരിപാടികൾ ഇവ പരിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു.

3. സമൂഹത്തിലെ പ്രധാന പ്രശ്നങ്ങളോട് ഇടപെടാൻ കഴിയുന്ന രീതിയിൽ പഠനത്തോടൊപ്പം പരിസ്ഥിതി അവബോധം, പൗരബോധം, ശുചിത്വബോധം, വ്യക്തിത്വ വികാസം ഇവ വികസിപ്പിക്കാനുള്ള പ്രത്യേക പദ്ധതികൾ -തെളിമ, എന്റെ മരം തുടങ്ങിയവ ആവിഷ്ക്കരിച്ചു നടപ്പിലാക്കി.

4. എല്ലാ അധ്യയന വർഷത്തിലും ചുരുങ്ങിയത് 15 ദിവസത്തെ അദ്ധ്യാപക പരിശീലനം എല്ലാ അദ്ധ്യാപകർക്കും നൽകി മാറ്റിയ പഠനബോധന പ്രക്രിയകൾ ക്ലാസ്സുമുറികളിൽ പ്രയോഗിക്കുന്നതിനുള്ള വൈദഗ്ദ്ധ്യവും പ്രായോഗിക പരിശീലനവും നൽകി.

5. സ്കൂൾ വിദ്യാഭ്യാസത്തിന്റെ

→

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പാഠ്യപദ്ധതി കാഴ്ചപ്പാട് വികസിപ്പിക്കുന്നതിനും നൂതന ധാരണകൾ രൂപപ്പെടുത്തുന്നതിനും അന്തർദേശീയ വിദഗ്ധരെ ഉൾപ്പെടുത്തി 2010 മാർച്ച് 29 മുതൽ ഏപ്രിൽ 3 വരെ ഒരു ശിൽപശാല സംഘടിപ്പിച്ചു.

6. RTE- 2009 ന്റെ ഭാഗമായി നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ(CCE) ശക്തമായി നടപ്പാക്കാൻ പ്രൈമറി ക്ലാസ്സുകളിലെ മൂല്യനിർണ്ണയം സംബന്ധിച്ച് മാർഗ്ഗരേഖ വികസിപ്പിച്ചും ഈ രീതിയിൽ ക്ലാസ്സുമുറിയിൽ മൂല്യനിർണ്ണയ പ്രവർത്തനം നടത്തുന്നതിന് പ്രായോഗികാനുഭവങ്ങൾ ഓരോരുത്തർക്കും നൽകുന്ന 'പടവുകൾ' എന്ന പേരിൽ വിലയിരുത്തൽ സോഴ്സ് ബുക്കുകൾ എല്ലാ വിഷയങ്ങൾക്കും (11 പുസ്തകങ്ങൾ) തയ്യാറാക്കി വിതരണം ചെയ്തു. അദ്ധ്യാപക പരിശീലനം നടത്തി.

ഇംഗ്ലീഷ് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി , സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് ഇവയുടെ വിനിയോഗം ഫലപ്രദമാക്കാൻ മാർഗ രേഖ, പരിശീലനം തുടങ്ങിയ നടപടികൾ എസ്.എസ്.എ. കൈക്കൊണ്ടിട്ടുണ്ട്.

| | |
|---|---|
| ബി) അദ്ധ്യാപക പരിശീലന പരിപാടികളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കി എന്ന് വെളിപ്പെടുത്തുമോ; | ബി) അദ്ധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ്, എയിഡഡ് സ്കൂളുകളിലേയും അദ്ധ്യാപകർക്ക് മധ്യവേനൽ അവധിക്കാലത്ത് പാഠപുസ്തകങ്ങളെ, പ്രത്യേകിച്ച് മാറിയ പാഠപുസ്തകങ്ങളെ, അടിസ്ഥാനമാക്കി പരിശീലനം നൽകി. ഇതിലേയ്ക്ക് SCERT മോഡ്യൂൾ തയ്യാറാക്കി. Core SRG പരിശീലനം പൂർത്തിയാക്കി. തുടർന്ന് SRG,DRG പരിശീലനങ്ങൾ പൂർത്തിയാക്കുകയും മേയ് മാസത്തിൽ വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിനും അദ്ധ്യാപക തുടർപരിശീലനം പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും കാര്യക്ഷമമാക്കി; ശനിയാഴ്ചകളിലാണ് തുടർ പരിശീലനം നടത്തിയിരുന്നത്. പരിശീലനത്തിനുള്ള മോഡ്യൂൾ മുൻകൂട്ടി തയ്യാറാക്കുകയും, പരിശീലനത്തിന് മുമ്പ് പ്ലാനിംഗ് നടത്തുകയും ചെയ്തു. SRG,DRG പരിശീലനങ്ങൾ മുൻകൂട്ടി നടത്തിയാണ് മോഡ്യൂൾ തയ്യാറാക്കിയിരുന്നത്. എല്ലാ വിഷയങ്ങൾക്കും ഐ.റ്റി. അധിഷ്ഠിത പരിശീലനം ആണ് നൽകിയിരുന്നത്. ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന |

→

അവസരത്തിൽ സഹായം നൽകുന്നതിനായി തൽസ്ഥല പിന്തുണാ സംവിധാനവും (OSS) പരിശീലനം നേടിയ ആർ.പി. മാരുടെ നേതൃത്വത്തിൽ നൽകിവരുന്നുണ്ട്.

അദ്ധ്യാപക പരിശീലന പരിപാടികളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് SCERT താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി.

അദ്ധ്യാപക പരിശീലനം ഒറ്റയൊറ്റ പ്രവർത്തനങ്ങളായി വ്യത്യസ്ത വിഷയങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നടത്തുന്ന രീതി ഉപേക്ഷിച്ചു. അദ്ധ്യയന വർഷത്തിനുമുമ്പ് ഫീൽഡ് തലത്തിൽ നിന്നുള്ള അദ്ധ്യാപകരുടെ ആവശ്യങ്ങൾ ശേഖരിച്ച്, നീഡ് അനാലിസിസ് നടത്തി, അദ്ധ്യാപക പരിശീലനത്തിന്റെ കലണ്ടറും മാർഗ്ഗരേഖകളും തയ്യാറാക്കി. ഒരു വർഷത്തെ പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് പരിശീലന ലക്ഷ്യങ്ങൾ നിർണയിച്ചു. ഓരോ പരിശീലനത്തിന്റെയും ഉള്ളടക്കം, ഊന്നൽ മേഖലകൾ, വിഭവങ്ങളുടെ ലഭ്യത ഇവ മുൻകൂട്ടി നിശ്ചയിച്ച് പരിശീലന സാമഗ്രികൾ തയ്യാറാക്കുകയും റിസോഴ്സ് പേഴ്സൺമാരെ പരിശീലിപ്പിക്കുകയും ചെയ്തു.

എസ്.എസ്.എ നടപ്പാക്കിയ പദ്ധതികൾ താഴെപ്പറയുന്നു. റിസോഴ്സ് ഗ്രൂപ്പംഗങ്ങൾക്ക് പരിശീലനം നൽകി. ഐ.ടി. സഹായത്തോടെയുള്ള പരിശീലനം സംഘടിപ്പിച്ചു. ഗവേഷണാത്മകരീതി സ്വീകരിച്ചു. അവധിക്കാലത്ത് 10 ദിവസത്തെ പരിശീലനമാണ് നടത്തിയത്. ക്ലസ്റ്റർ പരിശീലനങ്ങൾക്ക് തുടർച്ച ഉറപ്പാക്കി.

| | | | |
|---|---|---|---|
| സി) | സ്കൂളുകൾ 'മികവിന്റെ കേന്ദ്രങ്ങളാ'ക്കുന്ന പദ്ധതിപ്രകാരം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | സി) | പൊതു വിദ്യാലയങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസവും അടിസ്ഥാന സൗകര്യ വികസനവും ഉറപ്പാക്കുന്നതിനും അതുവഴി പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിന് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി., പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവർ സംയുക്തമായി ആസൂത്രണം നടത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br>അദ്ധ്യാപകർക്ക് നൽകിയ തുടർച്ചയായ പരിശീലനങ്ങൾ, ക്ലസ്റ്റർതല പരിശീലനങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ നടപ്പിലാക്കിയ തീവ്രകർമ്മപരിപാടികൾ (QEPR), തൽസ്ഥല അദ്ധ്യാപക സഹായങ്ങൾ (OSS) തുടങ്ങിയവ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്.<br>വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ |

→

സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, SSA, SCERT, SIEMAT, SIET എന്നീ വിഭാഗങ്ങൾ ഒരു പൊതു പ്രവർത്തന കലണ്ടർ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കിയിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തോടെ ക്ലസ്റ്റർതല പരിശീലനങ്ങൾ തുടർച്ചയായി നടപ്പിലാക്കി. ജില്ലകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഡയറ്റ് പ്രിൻസിപ്പൽമാരും ജില്ലാ പ്രോജക്ട് ഓഫീസർമാരും എല്ലാ മാസവും കൂടി ചേർന്ന് ജില്ലകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിരിക്കുന്നു. ഇതുപോലെ തന്നെ ഓരോ മാസത്തേയും പ്രവർത്തനം വിലയിരുത്തി സംസ്ഥാനതല പ്രതിമാസ അവലോകന യോഗങ്ങളിൽ അവതരിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനതല പരിപാടികൾ ക്രമീകരിച്ചിരുന്നത്.

അദ്ധ്യാപകർക്കുള്ള തൽസ്ഥല സഹായ പരിപാടി എല്ലാജില്ലകളിലും കാര്യക്ഷമമായി നടത്തിയിരുന്നു. ഇതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ക്ലസ്റ്റർ തല പരിശീലനങ്ങൾ നടത്തിയിരുന്നത്. സ്കൂളുകളുടെ ഉച്ചക്കഞ്ഞി കഴിയുന്നത്ര ദിവസങ്ങളിൽ ഉച്ചഭക്ഷണമാക്കി നടത്തി.

എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി പഠനം സുഗമമാക്കി. തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ നിയമിച്ചു. ഈ സ്കൂളുകളിൽ പഠനക്കൂട്ടങ്ങൾ സംഘടിപ്പിച്ചു. രാത്രി കാലങ്ങളിൽ അയൽപക്ക പഠന കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. ഈ സ്കൂളുകളിൽ ചങ്ങാതി, ഒരുക്കം തുടങ്ങിയ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ലോക്കൽ റിസോഴ്സ് അദ്ധ്യാപകരെ (LRG) കണ്ടെത്തി ഉപയോഗപ്പെടുത്തി. ഇതുപ്പോലെയുള്ള പ്രവർത്തന പരിപാടികൾ മറ്റു സ്കൂളുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കപ്പെട്ടു.

സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങൾ എന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തത് പാഠ്യപദ്ധതി നവീകരണത്തിന്റെ അടിസ്ഥാനത്തിലാണ്. ഓരോ വിദ്യാലയത്തിനും അതിന്റേതായ ഊന്നൽ മേഖലകൾ ഉണ്ടാവും. ഓരോ വിദ്യാലയവും ഏതെങ്കിലും ഒരു അക്കാദമിക അക്കാദമികേതര മേഖല തെരഞ്ഞെടുത്ത് കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനവും, അനുഭവാധിഷ്ഠിത പഠനവും

→

നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്.

വിദ്യാലയമികവ് ലക്ഷ്യം വച്ച് വർഷാരംഭം മുതൽ പ്രവർത്തനങ്ങൾ നടത്തി. മികച്ച വിദ്യാലയാനുഭവങ്ങളും മാതൃകകളും പരിചയപ്പെടുത്തി. മികവ് വർധിപ്പിക്കുന്നതിനുള്ള പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. ക്ലസ്റ്ററുകളിൽ മികവ് പങ്കുവയ്ക്കുന്നതിനുള്ള അവസരം സൃഷ്ടിച്ചു.

ഡി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

ഡി) 2006 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 33% ൽ താഴെ വിജയം ലഭിച്ച 107 വിദ്യാലയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിച്ച് മുന്നോട്ട് എത്തിക്കുന്നതിനായി പ്രത്യേക പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

ഈ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകിവരുന്നു. കൂടാതെ ഗൃഹസന്ദർശനം, പഠനകൂട്ടങ്ങൾ, അയൽക്കൂട്ട പഠനകേന്ദ്രം എന്നിവയുടെ രൂപീകരണം, പഠന സാമഗ്രികൾ തയ്യാറാക്കി നൽകൽ, അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടി നേതൃത്വം നൽകുന്ന പ്രത്യേക പരിപാടികൾ, സഹവാസ ക്യാമ്പുകൾ, ഒരുക്കം പോലുള്ള പഠന സഹായികൾ, ആത്മവിശ്വാസം വർദ്ധിപ്പിക്കാനായി കുട്ടികൾക്ക് പ്രത്യേക ക്യാമ്പുകൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്.

കുട്ടികളുടെ പഠനത്തിന്റെ പിന്നോക്കാവസ്ഥ എസ്.സി.ഇ.ആർ.ടി. വിശദമായ പഠനത്തിന് വിധേയമാക്കുകയും 'ഗുണ നിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' (ക്യൂ.ഇ.പി.ആർ) പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. ഈ പദ്ധതി പ്രകാരം പഠനത്തിൽ പിന്നാക്കം നിൽക്കുന്ന സ്കൂളുകൾക്ക് പ്രത്യേക അക്കാദമിക പിന്തുണ നൽകുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. പഠന പിന്നോക്കാവസ്ഥയുടെ പ്രധാന കാരണമായി കണ്ടെത്തിയത് സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ യായിരുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഭക്ഷണം വിതരണം, കൂടുതൽ സമയം സ്കൂളുകളിൽ ഇരുന്ന് പഠിക്കുന്നതിനുള്ള സൗകര്യം, പഠനവീട് തുടങ്ങിയ ക്രമീകരണങ്ങൾ പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തി.

ഈ വിദ്യാലയങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടത്തിയ അടിസ്ഥാന സൗകര്യവികസനം, ലൈബ്രറി, ലബോറട്ടറി വികസനം തുടങ്ങിയവ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് വഴി തെളിച്ചിട്ടുണ്ട്.

→

ഇ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

ഇ) സർക്കാർ സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുടിവെള്ളം, മൂത്രപ്പുര, ലബോറട്ടറി, ലൈബ്രറി എന്നീ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന നടപടി എല്ലാ സ്കൂളുകളിലും നടപ്പിലാക്കി വരുന്നുണ്ട്

സർവ്വ ശിക്ഷാ അഭിയാൻ (SSA) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) എന്നീ പദ്ധതികളിലൂടെയും, എം.എൽ.എ., എം.പി., ജില്ലാ പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ വികസനഫണ്ടുകളിലൂടെയും കേരളത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനം ഏതാണ്ട് പൂർത്തീകരിച്ചു വരികയാണ്. 140 അസംബ്ലി മണ്ഡലങ്ങളിലും, പടിപടിയായി എല്ലാ സർക്കാർ വിദ്യാലയങ്ങളിലും സ്മാർട്ട് ക്ലാസ്റൂമുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു വിദ്യാലയത്തിൽ 5 ക്ലാസ്സ്മുറികൾ സജ്ജീകരിക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

സ്കൂളുകളുടെ ഭാവി വികസന പദ്ധതികൾ മുന്നിൽ കണ്ടുകൊണ്ട് ഇപ്പോഴത്തെ സ്കൂൾ കെട്ടിടങ്ങളും പരിസരവും കുട്ടികളുടെ പഠനസഹായികളായി മാറ്റുന്നതിനും ഗ്രീൻ സ്കൂൾ നിർമ്മാണത്തിനും എല്ലാം മുൻഗണന കൊടുത്തുകൊണ്ട് അടിസ്ഥാന സൗകര്യ വികസനം, കളിസ്ഥലം എന്നിവ മെച്ചപ്പെടുത്തുന്നതിനും സമഗ്രവികസനത്തിനും വേണ്ടി Whole School Development Programme നടപ്പിലാക്കാനുള്ള പ്രാരംഭ ഘട്ടത്തിലാണ്.

Bhama

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 103 **14/2/2011- ൽ മറുപടിക്ക്**

**എഞ്ചിനീയറിംഗ് പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ:<br>ശ്രീ.കെ. വി.അബ്ദുൾ ഖാദർ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. കെ.ടി.ജലീൽ: | ശ്രീ. എം.എ. ബേബി<br>( വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) എഞ്ചിനീയറിംഗ് പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ; | (എ) എൻജിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രവേശന പരീക്ഷയുടെ പേപ്പർ ഒന്നിനും രണ്ടിനും കൂടി ലഭിച്ച മൊത്തം മാർക്കിനും യോഗ്യത പരീക്ഷയിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/കമ്പ്യൂട്ടർ സയൻസ്/ ബയോടെക്നോളജി/ ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തത്തിൽ ലഭിച്ച മാർക്ക്/ഗ്രേഡിനും തുല്യ പരിഗണന നൽകുന്നതാണ്. വ്യത്യസ്ത ബോർഡുകളിലെ യോഗ്യത പരീക്ഷയുടെ മാർക്കുകൾ പ്രോസ്പെക്ടസ്സിലെ 9.7.4 **(b) (ii) & (iii)** എന്നീ വ്യവസ്ഥകളനുസരിച്ച് നോർമലൈസ് ചെയ്തതിനുശേഷമായിരിക്കും പരിഗണിക്കുന്നത്. |

(....2)

| | | | |
|---|---|---|---|
| (ബി) | എൻട്രൻസ് പരീക്ഷയുടെ മാർക്കിനൊപ്പം യോഗ്യതാ പരീക്ഷയുടെയും മാർക്കുകൾ തുല്യമായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | 2011 ലെ എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് ഈ രീതി ബാധകമാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.സി., സിബി.എസ്.ഇ., ഐ.സി.എസ്.ഇ തുടങ്ങിയ കോഴ്സുകളുടെ മാർക്കുകൾ എങ്ങനെ ഏകീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) (ഡി) | ഗവൺമെന്റ് അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ 9.7.4 എന്ന വ്യവസ്ഥ പ്രകാരം കേരള ഹയർ സെക്കണ്ടറി പരീക്ഷയുടെ മാർക്ക് അടിസ്ഥാനമായി കണക്കാക്കി മറ്റു സംസ്ഥാനങ്ങളിലെ ബോർഡുകളിൽ നിന്നുള്ള പരീക്ഷാർത്ഥികളുടെ മാർക്കിനെ കേരള ഹയർ സെക്കണ്ടറിയുമായി താരതമ്യപ്പെടുത്തി പ്രസ്തുത മാർക്കിനു തുല്യമായ മാർക്ക് ശാസ്ത്രീയമായി കണ്ടെത്തുന്ന നോർമലൈസേഷൻ പ്രക്രിയയിലൂടെയാണ് സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ/ മറ്റു സംസ്ഥാന ബോർഡുകൾ തുടങ്ങിയവയുടെ മാർക്ക് നോർമലൈസ് ചെയ്യുന്നത്. |
| (ഡി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസ്സാകുന്ന കുട്ടികളുടെ മാർക്ക് എങ്ങനെ ഏകീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | | |
| (ഇ) | പ്രവേശന പരീക്ഷയ്ക്ക് പരിഗണിക്കുന്ന പ്ലസ് ടു കോഴ്സിലെ വിഷയങ്ങളുടെ മൂല്യനിർണ്ണയം കുറ്റമറ്റ രീതിയിൽ നടത്താൻ പ്രത്യേക നിർദ്ദേശങ്ങൾ നൽകുമോ? | (ഇ) | നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 104** | **14/02/2011-ൽ മറുപടിക്ക്**

### സ്കൂൾ വിദ്യാഭ്യാസത്തിൽ മലയാളം നിർബന്ധമാക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പള്ളിപ്രം ബാലൻ:<br>" എൻ. അനിരുദ്ധൻ:<br>" മാങ്കോട് രാധാകൃഷ്ണൻ:<br>" പി. തിലോത്തമൻ: | | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| എ) | സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും മലയാള പഠനം നിർബന്ധമാക്കണമെന്ന ശുപാർശയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ആർ. വി. ജി.മേനോൻ കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | സെക്കന്ററി തലം വരെ മലയാളപഠനം നിർബന്ധമാക്കണമെന്ന് ആർ.വി.ജി. മേനോൻ അധ്യക്ഷനായ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ തലത്തിലും മലയാള പഠനം നിർബന്ധമാക്കാൻ ശുപാർശയുണ്ടോ; | ബി) | ഹയർ സെക്കണ്ടറിയിൽ എല്ലാ സ്കൂളുകളിലും മലയാളം പഠിക്കാൻ അവസരമൊരുക്കണമെന്നാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ നിലവിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷയായി പഠിപ്പിച്ചു വരുന്നത്. അതിനു പകരം ഇംഗ്ലീഷോ മലയാളമോ പഠിക്കാൻ അവസരം നൽകണമെന്ന് സമിതി ശപാർശ ചെയ്തിട്ടുണ്ട്. |
| സി) | ഇത് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണുദ്ദേശിക്കുന്ന തെന്ന് വെളിപ്പെടുത്തുമോ? | സി) | കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിന് വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) യെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 105 — 14.02.2011-ൽ മറുപടിക്ക്

**കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.അജിത്<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ; എങ്കിൽ ഏതു ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പദ്ധതി ഏർപ്പെടുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആദ്യ ഘട്ടം എന്ന നിലയിൽ 10-ാം ക്ലാസുവരെയുള്ള കുട്ടികളാണ് ഈ സമഗ്ര പദ്ധതിയിൻ കീഴിൽ ഇപ്പോൾ വരിക. |
| ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സിലബസ് തയ്യാറാക്കിയി ട്ടുണ്ടോ; എങ്കിൽ ഈ സിലബസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലേക്കുള്ള സിലബസ് തയ്യാറാക്കിയിട്ടുണ്ട്. 05.01.2009-ൽ കൂടിയ 21-ാമത് കരിക്കുലം കമ്മിറ്റി സിലബസിന് അംഗീകാരം നൽകുകയുണ്ടായി.<br><br>**സിലബസ് വിശദാംശങ്ങൾ**<br><br>ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യ പദ്ധതി സമീപനത്തെ സംബന്ധിച്ച പൊതുവായ കാഴ്ചപ്പാട് ആദ്യം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഒന്നാം ഭാഗമായി ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലെ സിലബസും രണ്ടാം ഭാഗമായി എട്ടു മുതൽ പത്ത് വരെ ക്ലാസുകളിലെ സിലബസും മൂന്നാം ഭാഗമായി പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലെ സിലബസും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ യൂണിറ്റു മായി ബന്ധപ്പെടുത്തിയിട്ടുള്ള പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ, പഠന പ്രവർത്തന സാധ്യത, പഠനനേട്ടം, മൂല്യനിർണയം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. |

സിലബസിന്റെ ഉള്ളടക്കത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

### ഭാഗം 1 - I മുതൽ VII വരെ ക്ലാസുകൾ

- ആരോഗ്യ വിദ്യാഭ്യാസം
- വ്യക്തിപരമായ ആരോഗ്യം,സുരക്ഷ, വ്യക്തിശുചിത്വം
- ചലനങ്ങൾ സംബന്ധിച്ച ധാരണ
- താളബോധം, സ്ഥാനമാറ്റ ചലനശേഷി, ശാരീരിക നിയന്ത്രണം.
- ശരീരഭാഗങ്ങളെ അറിയാനും അവയുടെ ചലന ക്രമീകരണങ്ങളെക്കുറിച്ച് അറിയുന്നതിനും
  വിവിധ ശരീരഭാഗങ്ങൾ, ചലന ക്രമീകരണങ്ങൾ
- ലഘു ഉപകരണങ്ങൾ ആയാസരഹിതമായി കൈകാര്യം ചെയ്യുന്നതിന് നൈപുണി, കോർഡിനേഷൻ
- അടിസ്ഥാന കായികശേഷി
  അടിസ്ഥാന കായികശേഷി വളർത്തുക., പേശീബലം, സഹനശേഷി
- യോഗാസനം
  വിവിധ ഇനം യോഗാസനങ്ങൾ
- കായികക്ഷമത

### ഭാഗം 2 - VIII മുതൽ X വരെ ക്ലാസുകൾ

- ആരോഗ്യ സംബന്ധിയായ കായികക്ഷമത
- എയ്റോബിക്സ്, ആത്മരക്ഷാ മാർഗങ്ങൾ, നടത്തം, നീന്തൽ
- അത്‌ലറ്റിക്സും മറ്റ് കായിക ഇനങ്ങളും
- ജീവിതകാലം മുഴുവൻ തുടരേണ്ട പ്രവൃത്തികൾ
- ആരോഗ്യവും പൂർണ തൃപ്തിയും

ഭാഗം 3 - XI , XII വരെ ക്ലാസുകൾ

- ആരോഗ്യവും പൂർണതൃപ്തി എന്ന ആശയവും
- ആരോഗ്യവും അഭിരുചിയും
- മനുഷ്യശരീരവും അതിന്റെ പ്രവർത്തനരീതിയും, വ്യായാമത്തിന്റെ ഫലവും മനുഷ്യശരീരത്തിന്റെ പ്രവർത്തനരീതിയും
- മയക്കുമരുന്നും മരുന്നും
- ആരോഗ്യ സംബന്ധിയായ കാര്യക്ഷമത
- കായികനൈപുണി, സ്പോർട്സിലെ പങ്കാളിത്തം മൂലമുള്ള പരിക്കുകൾ

സി) പ്രസ്തുത പാഠ്യപദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം?

സി) ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.

- ചെറുപ്പം മുതലേ നല്ല ആരോഗ്യ കായിക സംസ്കാരം വളർത്തിയെടുക്കുക.
- വ്യക്തിയുടെ സമ്പൂർണ്ണ വികസനം സാധ്യമാക്കുന്നതിന് വേണ്ടിയുള്ള ആരോഗ്യ കായിക പഠന പദ്ധതികൾ നടപ്പിലാക്കുക
- കായികക്ഷമത വർദ്ധിപ്പിക്കുക
- വൈജ്ഞാനിക മേഖലയുടെ തലത്തിൽ നിന്നുകൊണ്ട് ആരോഗ്യ കായിക പാഠ്യപദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്ക് ആക്കം കൂട്ടുക
- ആരോഗ്യവും കായികക്ഷമതയും ഉറപ്പാക്കുക. അത് എത്രത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുക.

*സെക്ഷൻ ഓഫീസർ*

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## *പതിനേഴാം സമ്മേളനം*

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-106 14-02-2011 ൽ മറുപടിയ്ക്ക്.

സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.യ്ക്ക്

**ചോദ്യം**

ശ്രീ. കെ.കെ. ഷാജു

ശ്രീ. കെ.ബി. ഗണേഷ്കുമാർ

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം പി.എസ്.സി.യ്ക്ക് വിട്ടതിനുശേഷം നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പി.എസ്.സി. വഴി അടിയന്തിരമായി നിയമനം നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. എം.എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി)

(എ)& (ബി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള 18/12/2010 ലെ തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാലാ നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളൂ. ഇങ്ങനെ നടത്തുന്ന നിയമനിർമ്മാണങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ല. നിലവിലുള്ള നിയമ വ്യവസ്ഥ അനുസരിച്ച് സർവ്വകലാശാല നടത്തിയ പരീക്ഷകളും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളും റദ്ദാക്കാൻ ആവുകയില്ല, അങ്ങനെ ചെയ്താൽ അതിന് നിയമസാധുതയും ഉണ്ടാവുകയില്ല.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുകയും റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ്

കമ്മീഷന് അധികമായി നൽകുന്നതിന് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന വിധം ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പിനെചുമതലപ്പെടുത്തുകയും സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുസരിച്ച് ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 04/02/2011 ന് സ.ഉ (എം.എസ്) നം. 11/2011/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 107. | 14.02.2011 -ൽ മറുപടിക്ക്

ഉന്നത വിദ്യാഭ്യാസ നയരേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.മാണി. | ശ്രീ. എം. എ. ബേബി (ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ നയരേഖ തയ്യാറാക്കുന്നതിനായി പ്രൊഫസർ. യൂ.ആർ.അനന്തമൂർത്തി ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ലഭിച്ചത് ; | (എ) 18.12.2010 ന് |
| (ബി) പ്രസ്തുത കമ്മിറ്റി ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ശുപാർശ ചെയ്തിരിക്കുന്നത് ; | (ബി) അന്യത്ര ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) (ഡി) (ഇ) & (എഫ്) | ശുപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) | പ്രസ്തുത ശുപാർശകൾ ഭരണഘടനാപരമായി നിലനിൽക്കുന്നതാണോയെന്ന് ബിസിനസ് ചട്ടങ്ങൾ അനുസരിച്ച് നിയമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| (ഇ) | പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം വൈഷമ്യങ്ങളാണ് നേരിടുന്നത് ; | | |
| (എഫ്) | ഇവ തരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 108 — 14.02.2011-ൽ മറുപടിക്ക്

## കായികരംഗത്ത് മികവ് കാട്ടുന്ന സ്കൂളുകൾക്ക് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഫണ്ടിൽ നിന്നും പ്രത്യേക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. എം.ഹംസ<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ' വിശദമാക്കുമോ; | എ) 11.11.2009-ലെ സ.ഉ. (എം.എസ്) 217/09/പൊ.വി.വ പ്രകാരം ആരോഗ്യ , കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് ഒന്നാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സു വരെയുള്ള കുട്ടികളെയാണ് ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ സിലബസിന് കരിക്കുലം കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ അദ്ധ്യാപകർക്കായി അദ്ധ്യാപക സഹായി ദൃശ്യവൽക്കരിച്ച് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. 2011 ജനുവരി മാസം 25-ന് ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം സംസ്ഥാന/ ജില്ലാതലങ്ങളിൽ നടന്നു കഴിഞ്ഞു. കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി പ്രത്യേക പരിഗണനയും പരിശീലനവും നൽകി കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുക വഴി കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. കായികക്ഷമതയിൽ മികവ് തെളിയിച്ച കുട്ടികൾക്ക് നൽകുന്ന അവാർഡ്, മെഡൽ, സർട്ടിഫിക്കറ്റുകൾ എന്നിവ കായികക്ഷമത പുലർത്താത്ത മറ്റ് കുട്ടികൾക്ക് പ്രചോദനമേകുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; കായികാദ്ധ്യാപകരില്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | യു,.പി. വിഭാഗത്തിൽ 500 കുട്ടികൾ ഉണ്ടായിരിക്കുകയും മറ്റ് സ്പെഷ്യലിസ്റ്റ് വിഭാഗം അദ്ധ്യാപകർ ഇല്ലാതിരിക്കുകയും ചെയ്താൽ ഒരു കായികാദ്ധ്യാപകനെ നിയമിക്കാവുന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിൽ ആഴ്ചയിൽ അഞ്ച് പീരീഡുണ്ടെങ്കിൽ ഒരു കായികാദ്ധ്യാപകനെ നിയമിക്കാവുന്നതാണ്. കായികാദ്ധ്യാപകരില്ലാത്ത സ്കൂളുകളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല. |
| സി) | കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഫലമായി കൂടുതൽ കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) | കായികാദ്ധ്യാപകരുടെ സേവനം ക്ലബ്ബിംഗ് അറേഞ്ചുമെന്റ് വഴി എല്ലാ സ്കൂളുകളിലും ലഭ്യമാക്കുവാനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു. |
| ഡി) | കായികരംഗത്തു മികവു കാട്ടുന്ന സ്കൂളുകൾക്ക് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ ഫണ്ടിൽ നിന്നും പ്രത്യേക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഡി) | കായികരംഗത്ത് മികവ് കാട്ടുന്ന സ്കൂളുകൾക്ക് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഫണ്ടിൽ നിന്നും പ്രത്യേക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായികരംഗത്ത് മികവ് കാട്ടിയ 100 സർക്കാർ ഹൈസ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വീതം കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 109 **14.02.2011** - ൽ മറുപടിക്ക്

## ഭവനനിർമ്മാണ ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. പി.ടി.എ. റഹിം<br>ശ്രീ. വി. ശശികുമാർ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനനിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ; | (എ) | ഭവനനിർമ്മാണ ബോർഡിന്റെ നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി<br>2. സുരക്ഷാ ഭവന പദ്ധതി<br>3. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം (അത്താണി ഭവന പദ്ധതി)<br>4. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ<br>5. പ്രവാസി ഭവന പദ്ധതി<br>6. ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവനപദ്ധതി<br>7. കവടിയാർ ഹൈറ്റ്സ് പാരസ്പര്യ പദ്ധതി<br><br>പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പൊതു - സ്വകാര്യ സംരംഭകരുമായി ചേർന്ന് ഭവനനിർമ്മാണ ബോർഡിന്റെ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | ഉണ്ട്. കൊച്ചി മറൈൻ ഡ്രൈവിലും കലൂരും, കോഴിക്കോട് ചേവരമ്പലത്തും മെഡിക്കൽ കോളേജിനു സമീപവും തിരുവനന്തപുരത്ത് ആക്കുളത്തും ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>കൊച്ചി മറൈൻ ഡ്രൈവിൽ |

ബോർഡിന് അനുയോജ്യമായ പദ്ധതി രൂപകല്പന ചെയ്യുന്നതിനും പദ്ധതി നടപ്പിലാക്കാൻ "ഡവലപ്പ"റെ കണ്ടെത്തുന്നതിനും ബോർഡിനെ സഹായിക്കുന്നതിനുമായി കൺ-സൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. കൺസൾട്ടൻസി ജോലികൾ പുരോഗമിച്ചുവരുന്നു.

എറണാകുളത്ത് കലൂരിലും, കോഴിക്കോട് ചേവരമ്പലത്തും, മെഡിക്കൽ കോളേജിനു സമീപത്തും അനുയോജ്യമായ പദ്ധതികൾ രൂപകല്പന ചെയ്ത് Build-Share-Transfer രീതിയിൽ പദ്ധതികൾ നടപ്പിലാക്കാനായി ബിൽഡേഴ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ബോർഡു സ്വീകരിച്ചിട്ടുണ്ട്. ബോർഡിന് ലാഭകരമായ ഓഫർ സമർപ്പിച്ചിട്ടുള്ള നിർമ്മാതാക്കൾ മുഖേന പദ്ധതികൾ നടപ്പിലാക്കാനുള്ള അംഗീകാരം നൽകണമെന്ന ബോർഡിൻെറ ആവശ്യം സർക്കാരിൻെറ പരിഗണനയിലാണ്. തിരുവനന്തപുരത്ത് ആക്കുളത്ത് ബോർഡിൻെറ കൈവശമുള്ള ഭൂമിയിൽ നാഷണൽ ഗെയിംസ് സെക്രട്ടറിയറ്റുമായി സംയുക്ത സംരംഭത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ദേശീയ ഗെയിംസ് വില്ലേജിനായി ഭവനനിർമ്മാണ ബോർഡ് എത്ര ഏക്കർ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്; ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ആക്കുളത്ത് നാഷണൽ ഗെയിംസ് വില്ലേജ് നിർമ്മാണത്തിനായി ഭവനനിർമ്മാണ ബോർഡിൻെറ കൈവശമുള്ള ഭൂമി ഉപയുക്തമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ നാളിതുവരെ ഭൂമി വിട്ടുകൊടുക്കുകയോ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല.

(ഡി) ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) നടപടി സ്വീകരിച്ചു വരികയാണ്.

[signature]

സെക്ഷൻ ഓഫീസർ

അംഗങ്ങളും ലൈബ്രറിയിൽ ഇടുമാറ്റം

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 110 : 14/02/2011-ൽ മറുപടിക്ക്

ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ നടപടി

ചോദ്യം

ശ്രീ. ബാബു. എം. പാലിശ്ശേരി:

ശ്രീ. വി. ജെ. തങ്കപ്പൻ:

ശ്രീ. എം. എം. മോനായി :

ശ്രീ. എ. എം. യൂസഫ് :

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹി പ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ താഴെപ്പറയുന്നു.<br>**1.** കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകുന്നു.<br>**2.** ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നു.<br>**3.** സംസ്ഥാന നിക്ഷേപ സബ്സിഡി നൽകുന്നു.<br>**4.** വനിതാ വ്യവസായ സംരംഭകർക്ക് വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ് പരിശീലനം എന്നിവ നൽകുന്നു.<br>**5.** ഗ്രീൻ ചാനൽ കൗണ്ടർ/ഏകജാലക സംവിധാനങ്ങളിലൂടെ ക്ളിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ |

| | | | |
|---|---|---|---|
| | | | **6.** സെമിനാറുകൾ പരിശീലന പരിപാടികൾ എന്നിവ നടത്തുന്നു.<br>**7.** പ്രദർശന വിപണന മേളകളിലൂടെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.<br>**8.** സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് വ്യവസായ വകുപ്പ് മുഖേന നൽകിവരുന്നുണ്ട്.<br>**9.** സൂക്ഷ്മ ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റ് വരവ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>**10.** വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി സംവിധാനം ഒരുക്കിയിട്ടുണ്ട്.<br>**11.** കാർഷിക അധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകുന്നു.<br>**12.** വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നു.<br>**13.** അസംസ്കൃത വസ്തുക്കൾക്ക് |

| | | | |
|---|---|---|---|
| | | | എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്<br>**14.** സാങ്കേതിക വിദ്യാ വികസന നിധി ഉപയോഗിച്ച് പുതിയ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നു.<br>**15.** ഗവേഷക കേന്ദ്രങ്ങൾ ഗവേഷക ലബോറട്ടറികൾ എന്നിവയിൽ നിന്നുളള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>**16.** പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ളസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.<br>**17.** വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുളള സഹായം. |
| (ബി) | **ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് ; ഇവയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;** | (ബി) | ചെറുകിട വ്യവസായ സംരംഭകർക്ക് എസ്. എസ്.ഐ. സ്ഥിരം രജിസ്ട്രേഷൻ 2006 ഒക്ടോബർ ഒന്നു വരെ നൽകിയതിന്റെയും തുടർന്ന് 2006 ഒക്ടോബർ 2-ാം തീയതി മുതൽ MSMED Act അനുസരിച്ച് സംരംഭങ്ങൾ മെമ്മോറാണ്ടം ഫയൽ ചെയ്യുന്ന സമ്പ്രദായം നിലവിൽ വന്ന പ്രകാരം പുതുതായി ആരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ മെമ്മോറാണ്ടം ഫയൽ ചെയ്തതിന്റെയും കണക്ക്, വർഷം തിരിച്ച് താഴെ സമർപ്പിക്കുന്നു. |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>വർഷം</td><td>ആരംഭിച്ച യൂണിറ്റു കളു ടെ എണ്ണം</td><td>തൊഴിൽ ലഭ്യത</td></tr>
<tr><td>2006-07 (01/10/06 വരെ എസ്. എസ്. ഐ. സ്ഥിരം രജിസ്ട്രേഷൻ നൽകിയത്)</td><td>2659</td><td>12352</td></tr>
<tr><td>2006-07 (02/10/06 മുതൽ മെമ്മോറാണ്ടം ഫയൽ ചെയ്തത്)</td><td>1219</td><td>8687</td></tr>
<tr><td>2007-08</td><td>5206</td><td>46369</td></tr>
<tr><td>2008-09</td><td>8421</td><td>48111</td></tr>
<tr><td>2009-10</td><td>8403</td><td>48816</td></tr>
<tr><td>2010-11(30/11/2010 വരെ )</td><td>5385</td><td>36593</td></tr>
<tr><td>ആകെ പുതുതായി ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം</td><td>31293</td><td>200928</td></tr>
</table>
ഇവയിലൂടെ തൊഴിൽ ലഭിച്ചവരുടെ ആകെ എണ്ണം 2,00,928 ആണ്.
</td></tr>
<tr><td>(സി)</td><td>വ്യവസായ സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം</td><td>(സി)</td><td>വ്യവസായ സംരംഭകർക്ക് പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാനും ആവശ്യമായ സഹായങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നൽകുന്നു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും എന്റർപ്രെണർ ഗൈഡൻസ് സെൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ വ്യവസായ</td></tr>
</table>

| | | | |
|---|---|---|---|
| | സഹായങ്ങളാണ് നൽകുന്നത്; | | സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. വ്യവസായ സംരംഭകർ സമർപ്പിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് സഹിതം ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കാനായി വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും സംരംഭകരുമായി നേരിട്ട് ധനകാര്യ സ്ഥാപനങ്ങളിൽ ഹാജരായി വേണ്ട നടപടികൾ സ്വീകരിക്കുന്നു. ഇപ്രകാരം വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നൽകി വരുന്നു. സംരംഭകരുടെ ധനകാര്യ സംബന്ധമായ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും അതിന് പരിഹാരം കാണുന്നതിനും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ബാങ്കേഴ്സ് കമ്മിറ്റി നിലവിലുണ്ട്. സംരംഭകരുടെ വായ്പ സംബന്ധിച്ച പ്രശ്നങ്ങൾ ഈ സമിതികളിൽ അവതരിപ്പിക്കുകയും, പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ MSME District Level Empoweredകമ്മിറ്റിയും 3 മാസത്തിലൊരിക്കൽ മീറ്റിംഗ് നടത്തി സംരംഭകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നുണ്ട്. DLRC, SLBC തുടങ്ങിയ കമ്മിറ്റികളും യഥാകാലങ്ങളിൽ മീറ്റിംഗുകൾ സംഘടിപ്പിച്ച് സംരംഭകരുടെ വായ്പാ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്. ഈ ഫോറങ്ങളിൽ |

| | | | |
|---|---|---|---|
| | | | വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായി പങ്കെടുത്ത് പ്രശ്നങ്ങൾ അവതരിപ്പിക്കുന്നുണ്ട്. |
| (ഡി) | ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ഡി) | ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിനായി മേളകൾ സംഘടിപ്പിക്കുക, ദേശീയ മേളകളിൽ പങ്കെടുക്കാൻ വേണ്ട സഹായം നൽകുക ചെറുകിട മേഖലയുടെ ഉൽപ്പന്നങ്ങൾക്കു പ്രൈസ് പ്രിഫറൻസ് നൽകുക എന്നിവയാണ്.<br>1. ടെക്സ് ഫെയർ കേരള :- ചെറുകിട പരമ്പരാഗത തുണിത്തരങ്ങളുടെ പ്രദർശന വിപണന മേളയായ 'ടെക്സ് ഫെയർ കേരള' പ്രദർശനം എല്ലാ വർഷവും കണ്ണൂരിൽ വച്ച് നടത്തുന്നു.<br>2. മലപ്പുറം ക്രാഫ്റ്റ്സ് മേള- കരകൗശല വസ്തുക്കളുടെ പ്രദർശന വിപണന മേള വർഷം തോറും മലപ്പുറം ക്രാഫ്റ്റ്സ് മേളയായി മലപ്പുറത്ത് നടത്തി വരുന്നുണ്ട്.<br>3. ബാംബു ഫെസ്റ്റ് - എറണാകുളത്തു വച്ച് ബാംബൂ ഉൽപ്പന്നങ്ങളുടെ പ്രദർശന മേള വർഷംതോറും നടത്തി വരുന്നുണ്ട്.<br>4. അഗ്രോ ഫെസ്റ്റ്- കാർഷിക |

| | | | |
|---|---|---|---|
| | | | സംബന്ധമായ ഉൽപ്പന്നങ്ങളുടെ പ്രചരണാർത്ഥം അഗ്രോ ഫെസ്റ്റ് വർഷം തോറും തൃശ്ശൂരിൽ വച്ച് നടത്തി വരുന്ന മേളയിൽ യന്ത്ര സാമഗ്രഹികളുടെ പ്രദർശനവും വിപണനവും സംഘടിപ്പിച്ച് നടത്തുന്നുണ്ട്.<br>5. ബെയ്പൂർ ഫെസ്റ്റ് : ചെറുകിട വ്യവസായ യൂണിറ്റുകളുടെയും കരകൗശലഉൽപ്പന്നങ്ങളുടെയും പ്രചരണത്തിനും വിപണനത്തിനുമായുള്ള കേരള ബെയ്പൂർ ഫെസ്റ്റ് നടത്തുന്നുണ്ട്.<br>6. ഐ.ഐ.റ്റി. എഫ്. ഡൽഹി : ഡൽഹിയിൽ വച്ച് നടക്കുന്ന അന്താരാഷ്ട്ര ഫെയറിൽ വർഷം തോറും സംസ്ഥാനത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കുകയും അതിലൂടെ ചെറുകിട പരമ്പരാഗത വ്യവസായ സംരംഭകരെ പങ്കെടുപ്പിക്കുകയും അഖിലേന്ത്യാ തലത്തിൽ കേരളീയ ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഉറപ്പാക്കുകയും ചെയ്തുവരുന്നുണ്ട്.<br>7. എം.എസ്.എം.ഇ. അവാർഡ് : ഏറ്റവും നല്ല ചെറുകിട വ്യവസായ സംരംഭകർക്ക് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും വനിതാ സംരംഭകർക്ക് പ്രത്യേകമായും അവാർഡുകൾ നല്കുന്നുണ്ട്.<br>8. സ്റ്റോർസ് പർച്ചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളെ EMD, Bid Security |

| | | | |
|---|---|---|---|
| | | | & Security Deposit (performance Guarantee) എന്നിവ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ചെറുകിട വ്യവസായങ്ങൾക്ക് 10 % price preference അനുവദിച്ചിട്ടുണ്ട്.<br>9. പ്രാദേശിക തലത്തിലുള്ള മേളകളും ജില്ലാ തലത്തിലുള്ള പ്രദർശന വിപണന മേളകളും ഈ രംഗത്ത് വ്യവസായ വകുപ്പ് നടത്തി വരുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് ഒരു പൊതു ബ്രാൻഡ് നൽകി വിപണനം നടത്താൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്ന പദ്ധതി പ്രകാരം ഈ സർക്കാർ നടത്തിയ പ്രവർത്തനം മൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ? | (എഫ്) | നഷ്ടത്തിലായതും പൂട്ടിക്കിടക്കുന്നതുമായ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നിരവധി പരിപാടികൾ വ്യവസായ വകുപ്പ് നടപ്പാക്കി വരുന്നു. മൂലധന സംബന്ധമായ കാര്യങ്ങളിൽ പ്രയാസമനുഭവിക്കുന്ന സ്ഥാപനങ്ങൾ അധികവായ്പ, നിലവിലുള്ള വായ്പ തിരിച്ചടയ്ക്കാൻ സാവകാശം എന്നിവ ലഭിക്കുന്നതിന് ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നുണ്ട്. പീഢിത വ്യവസായമായി രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകൾക്ക് മാർജിൻ മണി വായ്പ, സ്റ്റാർട്ട് അപ്പ് ചെലവുകൾ എന്നിവയ്ക്ക് ഗവൺമെന്റ് വായ്പ നൽകുന്നു. നിലവിലുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ സാവകാശവും. |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്. ഇത്തരത്തിൽ 746 ചെറുകിട യൂണിറ്റുകൾ കഴിഞ്ഞ 3 വർഷം പുനരുദ്ധരിച്ചിട്ടുണ്ട്.<br>പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നതും പൂട്ടിക്കിടക്കുന്നതുമായ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ താഴെ പറയുന്ന സഹായങ്ങൾ നൽകുന്നു.<br>1. പുനരധിവാസ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ധനകാര്യ സ്ഥാപനങ്ങൾ മാർജിൻ മണിയായി ആവശ്യപ്പെടുന്ന തുകയുടെ 50 % പരമാവധി 2 ലക്ഷം രൂപ നൽകുന്നു.<br>2. ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച റിവൈവൽ റിപ്പോർട്ടുകൾ തയ്യാറാക്കിയതിനുള്ള ചെലവിന്റെ 50% പരമാവധി 10,000/- നല്കുന്നതാണ്.<br>3. ടെക്നിക്കൽ കൺസൽട്ടൻസി ചെലവായ തുകയുടെ 50% പരമാവധി 15,000/- രൂപാ ധനസഹായമായി നല്കുന്നു.<br>4. റവന്യൂ റിക്കവറി നടപടികൾ ഒറ്റ വർഷത്തേക്ക് അല്ലെങ്കിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുവരെ സ്റ്റേ ചെയ്യുന്നതായിരിക്കും.<br>5. സ്റ്റാർട്ട്-അപ്പ് എക്സ്പെൻസായി ഉപകരണങ്ങൾ വാങ്ങുന്നതിനും വൈദ്യുത ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | കാര്യങ്ങൾക്ക് ചെലവാകുന്ന തുകയുടെ 75% ലോണായി നല്കുന്നതാണ്.<br>6. സെയിൽസ് ടാക്സ് കുടിശ്ശിക ഒഴികെയുള്ള മറ്റു കുടിശ്ശികകൾ പുനഃക്രമീകരിക്കുകയും 5 വർഷത്തേക്ക് അധിക കാലാവധി നല്കുകയും ചെയ്യുന്നു.<br>7. മാർജിൻ മണി ലോണിന്റെ പലിശയും പിഴപ്പലിശയിലും ചില ഇളവുകൾ നൽകുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111 14-02-2011 ന് മറുപടിക്ക്

## വനമേഖല സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി:<br>" സി. കെ. സദാശിവൻ:<br>" രാജു എബ്രഹാം: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വനമേഖല സംരക്ഷിക്കുന്നതിനും റിസർവ് വന വിസ്തൃതി കൂട്ടുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) വനമേഖല സംരക്ഷിക്കുന്നതിനും റിസർവ്വ് വനവിസ്തൃതി കൂട്ടുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനമായവ താഴെ ചേർക്കുന്നു.<br>1. വനാതിർത്തികൾ സർവ്വേ ചെയ്ത് അതിർത്തികളിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ച് സുരക്ഷിതമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>2. വനസമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചു വരുന്നു. ജി.ഒ(എം.എസ്)-3/2011/വനം തീയതി 29-1-2011 പ്രകാരം 10 ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇനിയും കൂടുതൽ ഫോറസ്റ്റ് |

സ്റ്റേഷനുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുമാണ്.

3. വനങ്ങളേയും, വന്യജീവി കളേയും കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ വർഷംതോറും നടപ്പിലാക്കി വരുന്നുണ്ട്.
4. വനസംരക്ഷണവും അഗ്നിപ്രതി രോധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ പങ്കാളിത്ത വനപരിപാലന പദ്ധതിയും, പങ്കാളിത്ത കാട്ടുതീ നിയന്ത്രണ പദ്ധതിയും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.
5. വനം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അന്വേഷണം ഫലപ്രദമാക്കാൻ വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിൻ കീഴിൽ ഒരു ഇന്റലിജൻസ് സെൽ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
6. വനത്തിനുള്ളിലെ കഞ്ചാവ് കൃഷിയും, വ്യാജചാരായ വാറ്റും നിർമ്മാർജ്ജനം ചെയ്യാൻ വനംവകുപ്പ് നേരിട്ടും, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരും ചേർന്നും റെയിഡുകളും മറ്റ് അന്വേഷണ ങ്ങളും നടത്തിവരുന്നുണ്ട്.
7. ജൈവ വൈവിദ്ധ്യത്തിന്റെയും വന്യജീവികളുടേയും സംര ക്ഷണം ഉറപ്പാക്കുന്നതിന് സംരക്ഷിത മേഖലകൾ രൂപീ കരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.
8. സംസ്ഥാനത്തെ വനംകയ്യേറ്റ

ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

9. പാട്ട വ്യവസ്ഥ ലംഘിക്കുന്ന ഭൂമികൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

10. കയ്യേറ്റങ്ങൾ യഥാസമയം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ എത്ര ഏക്കർ ഭൂമി റിസർവ്വ് വനമായി ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 48310.81 ഏക്കർ ഭൂമി റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വാഗമൺ | 1086.95 ഏക്കർ |
| കുറിഞ്ഞിമല | 7904 ഏക്കർ |
| മാങ്കുളം | 22253.37 ഏക്കർ |
| കെ.ഡി.എച്ച് റിസർവ്വ് | 17066.49 ഏക്കർ |
| ആകെ | 48310.81 ഏക്കർ |

(സി) വനം കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തിയും, വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജന പങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല സ്ഥാപിച്ചും സംരക്ഷിച്ച് വരുന്നു. കയ്യേറ്റത്തിനു വിധേയമായ

141.51 ഏക്കർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരിച്ച് പിടിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ, പോലീസ് അധികാരി കളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട്. 1-1-1977-ന് ശേഷമുള്ള വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് *6-11-2002-* ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന തല കമ്മിറ്റിയും 6-3-2003- ലെ ജി.ഒ (എം.എസ്)15/ 2003/വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും രൂപവൽക്ക രിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച പുരോഗതി അവലോകനം ചെയ്യുകയും വനം കയ്യേറ്റങ്ങൾ ഒഴിപ്പി ക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദ മായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു.

(ഡി) വനങ്ങളുടെ സംരക്ഷണത്തിനായി വനാശ്രിത സമൂഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) വന സംരക്ഷണത്തിന്റെ ഭാഗമായി വനത്തോട് ചേർന്നും വനത്തിന കത്തും താമസിക്കുന്ന വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി പങ്കാളിത്ത വനപരിപാലനം നടപ്പിലാക്കി വരുന്നു. വനത്തിന് ഹാനികരമായ കാട്ടുതീ, നായാട്ട്, വ്യാജവാറ്റ്, അനധികൃത മരം മുറി, കഞ്ചാവ് കൃഷി, കാലിമേച്ചിൽ, അനധികൃത വനവിഭവശേഖരണം എന്നിവയിൽ നിന്ന് വനത്തെ സംരക്ഷിക്കുക, വനപരിപാലന പ്രവൃത്തികൾ നടത്തുക

എന്നിവയിലൂടെ വന സംരക്ഷണ പ്രവൃത്തികളിൽ വനാശ്രിത സമൂഹ ത്തിന്റെ സേവനം പ്രയോജന പ്പെടുത്തു ന്നുണ്ട്. ദേശീയ വനവൽക്കരണ പദ്ധതി, നാഷണൽ ബാംബൂ മിഷൻ, നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ്, ഇക്കോ ടൂറിസം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നി കേന്ദ്ര - സംസ്ഥാന പദ്ധതികളിലൂടെ വനാശ്രിത സമൂഹ ത്തിന്റെ സേവനം പ്രയോജന പ്പെടുത്തി വനസംരക്ഷണ പ്രവർത്തന ങ്ങൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 112 — 14/02/2011-ൽ മറുപടിക്ക്

### രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് :<br>പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ. എം.ജെ. ജേക്കബ്:<br>" ജോർജ് എം. തോമസ്: | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി ) |
| എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സെക്കണ്ടറി വിദ്യാഭ്യാസ വികസനത്തിനായി കേരളത്തിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) 2010-11 സാമ്പത്തിക വർഷം 200 കോടി രൂപയുടെ അനുവാദമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്. |
| ബി) പദ്ധതി മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; | ബി) താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.<br>i. 37 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുക<br>ii. 244 സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.<br>iii. 162 സ്കൂളുകളിൽ അറ്റകുറ്റപ്പണികൾ നടത്തുക.<br>iv. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകുക.<br>v. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിശീലനം നൽകുക.<br>vi. 100 സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുക.<br>vii. ഓൺസൈറ്റ് സപ്പോർട്ട് നൽകുക.<br>viii. ഗൈഡൻസ് &കൗൺസലിംഗ് ക്ലാസ്സുകൾ നടത്തുക.<br>ix. 1030 സ്കൂളുകൾക്ക് 50,000 രൂപ വീതം വാർഷിക ഗ്രാന്റ് നൽകുക.<br>x. 997 സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്ക് ഗ്രാന്റ് നൽകുക. |

→

xi. അദ്ധ്യാപകർക്ക് താമസിക്കുന്നതിനായി 111 ക്വാർട്ടേഴ്സുകൾ പണിയുക.

സി) എത്ര യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുമെന്ന് വെളിപ്പെടുത്തുമോ;

സി) 2010-11 സാമ്പത്തിക വർഷത്തിൽ 37 സർക്കാർ യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുന്നതിനുള്ള അനുവാദം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ഡി) വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഡി) ഉണ്ട്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ആർ.എം.എസ്.എ.യുടെ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ജില്ലകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ജില്ലാ പ്രോജക്ട് ഓഫീസറുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും ആവശ്യമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Bhama

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 113 14.02.2011 ൽ മറുപടിക്ക്

**അതുല്യം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. അബ്ദുറബ്ബ് | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ''ലീപ് കേരള'' മിഷന്റെ ഭാഗമായി ആരംഭിക്കുന്ന അതുല്യം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെ; | (എ) 1. സമഗ്ര നാലാംതരം തുല്യതാ പരിപാടി<br>2. സമ്പൂർണ്ണ പ്രാഥമിക തുല്യത<br>3. പരിപൂർണ്ണ സാക്ഷരത<br>4. പരിപൂർണ്ണ നാലാംതരം തുല്യത<br>5. ഇ - സാക്ഷരത<br>6. വ്യത്യസ്തശേഷികളുള്ളവർക്ക് പ്രത്യേക തുല്യത |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട ആകെ ചെലവ് എത്രയാണ്; ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) 'അതുല്യം' ഒന്നാംഘട്ടം നടത്തിപ്പിനായി 6 കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br>പ്രതീക്ഷിക്കുന്ന ചെലവുകളുടെ ഇനം തിരിച്ച പട്ടിക താഴെ ചേർക്കുന്നു. |

| | |
|---|---|
| 1. സർവ്വെ | -27,35,000/- |
| 2. പാഠപുസ്തകം | -94,50,000/- |
| 3. പരിശീലനം | -53,90,000/- |
| 4. ക്ലാസ് കോർഡിനേറ്റർമാർ | -2,10,00,000/ |
| 5. പ്രന്റിംഗ് & സ്റ്റേഷനറി | -15,00,000/- |
| 6. സമ്പൂർണ്ണ സർവ്വെ | -80,00,000/- |
| 7. പ്രചാരണ പ്രവർത്തനങ്ങൾ | - 11,75,000/ |
| 8. പ്രചാരണ ജാഥകൾ | -11,00,000/- |
| 9. ഡോക്യുമെന്റേഷൻ, ഡോക്യുമെന്ററി ഫിലിം, ഗാനങ്ങൾ, സി.ഡി- | -10,00,000/- |
| 10.യാത്രാ ചെലവുകൾ, വാഹനം | -20,75,000/- |
| 11. മേഖലാ ഓഫീസുകൾ പ്രാരംഭ ചെലവുകൾ | -6,00,000/- |
| 12. ഭരണപരമായ ചെലവുകൾ | -30,00,000/ |
| ആകെ | 6,00,00,000/ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിലൂടെ നിലവിലുള്ള സാക്ഷരതാ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നിലവിലുള്ള സാക്ഷരതാപ്രവർത്തനങ്ങൾക്കു പുറമെ നവസാക്ഷരരെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി അവരെ നാലാംതരം തുല്യതയിലേക്ക് എത്തിക്കുന്ന പ്രത്യേക പദ്ധതിയാണ് അതുല്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ബഹുജനപങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ അതുല്യം പഠിതാക്കൾക്ക് ലളിതവും ആകർഷവുമായ രീതിയിൽ പാഠപുസ്തകങ്ങൾ തയ്യാറക്കി സൗജന്യമായി വിതരണം ചെയ്ത് ഒരു തീവ്രയത്ന പരിപാടിയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. അതുല്യം പദ്ധതിയുടെ ഒന്നാം ഘട്ടം അവസാനിക്കുമ്പോൾ കേരളത്തിലെ മുഴുവൻ പേരെയും നാലാം തരം തുല്യതയിലെത്തിച്ചുകൊണ്ട് കേരളത്തെ സമ്പൂർണ്ണ പ്രാഥമിക തുല്യത കൈവരിച്ച സംസ്ഥാനമാക്കി മാറ്റുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അംഗങ്ങൾ ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 114 14.2.2011ൽ മറുപടിക്ക്**

## കൈത്തറി വിപണനം കാര്യക്ഷമമാക്കുവാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. ജോർജ് മേഴ്സിയർ:<br>ശ്രീ. സി.പി.മുഹമ്മദ്:<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കൈത്തറി വിപണനം വർദ്ധിപ്പിക്കാനായി എന്തെല്ലാം പുതിയ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) കേരളത്തിന്റെ സാംസ്ക്കാരിക തനിമ നിലനിർത്താനും, കൈത്തറി-ഖാദി എന്നിവയുടെ പ്രചാരണം വർദ്ധിപ്പിക്കാനും ഉദ്ദേശിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) കഴിഞ്ഞ ഓണക്കാലത്ത് കൈത്തറി തുണിത്തരങ്ങളുടെ വിപണനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു എന്ന് വിശദമാക്കുമോ; | ബി) കഴിഞ്ഞ ഓണക്കാലത്ത് സർക്കാരിന്റെ ആഭിമുഖ്യത്തിൽ എറണാകുളം, കണ്ണൂർ, തൃശ്ശൂർ, കാസർഗോഡ്, കൊല്ലം, കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിൽ കൈത്തറി പ്രദർശന മേളകൾ ( റീജ്യണൽ എക്സ്പോ), തിരുവനന്തപുരം ജില്ലയിൽ സ്പെഷ്യൽ എക്സ്പോ എന്നിവ സംഘടിപ്പിച്ചു. ഇവയ്ക്കായി 28.4 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പാലക്കാട് ജില്ലയിൽ ഡിസ്ട്രിക്ട് ലെവൽ ഈവന്റ് സംഘടിപ്പിച്ചു. ഓണക്കാലത്ത് 2/8/10 മുതൽ 14/8/10 വരെയും, 16/8/10 മുതൽ 22/8/10 വരെയും 20% സർക്കാർ റിബേറ്റ് കൈത്തറി ഉല്പന്നങ്ങൾക്ക് അനുവദിച്ചിരുന്നു. കൈത്തറി തുണിത്തരങ്ങളുടെ വിപണനം |

മെച്ചപ്പെടുത്തുന്നതിനായി ഹാന്റെക്സ് 556.14 ലക്ഷം രൂപയുടെ തുണിത്തരങ്ങൾ കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും ശേഖരിച്ച് ഹാന്റക്സിന്റെ പ്രധാന ഷോറൂമുകളിൽ ആവശ്യനുസരണം എത്തിക്കുകയുണ്ടായി. ഹാൻവീവ് സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ള ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി വ്യത്യസ്ത തരത്തിലുള്ള സിൽക്ക് സാരികൾ ഉല്പാദിപ്പിച്ച് വിപണനം നടത്തി. കൈത്തറിതുണിത്തരങ്ങൾ ധരിക്കുവാൻ പ്രേരിപ്പിക്കുന്നതിനുതകും വിധം പരസ്യങ്ങൾ റേഡിയോ, ബാനർ, , പത്ര ദൃശ്യമാദ്ധ്യമങ്ങൾ എന്നിവ വഴി നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| സി) കൂടുതൽ പ്രചരണ പ്രവർത്തനങ്ങൾ നടത്തുക വഴി ഈ സീസണിൽ മുൻവർഷത്തെ അപേക്ഷിച്ച് വിറ്റു വരവിൽ എന്തു വർദ്ധനവാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ; | സി) കഴിഞ്ഞ ഓണം സീസണിൽ കൈത്തറി തുണിത്തരങ്ങളുടെ വിറ്റുവരവിലൂടെ മുൻവർഷത്തെ അപേക്ഷിച്ച് (2009) 234.2 ലക്ഷം രൂപയുടെ അധിക വർദ്ധനവ് 2010 വർഷം വന്നിട്ടുണ്ട്. |
| ഡി) മറുനാടൻ മലയാളികൾ അധിവസിക്കുന്ന ന്യൂഡൽഹി ഉൾപ്പെടെയുള്ള മെട്രോ നഗരങ്ങളിലും അയൽ സംസ്ഥാനങ്ങളിലും കൈത്തറി വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കുമോ ? | ഡി) ഡൽഹിയിൽ നടക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ എല്ലാവർഷവും കൈത്തറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ഹാന്റക്സ്, ഹാൻവീവ് ഇവർ പങ്കെടുക്കുന്നുണ്ട്. ഈ വർഷവും ഐ.ഐ.റ്റി.എഫിൽ 5 പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും ഹാന്റക്സും ഹാൻവീവും പങ്കെടുത്തിരുന്നു.<br>പൊതുമേഖലാ സ്ഥാപനമായ ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് |

കോർപ്പറേഷന്റെ ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിലെ കൈരളി ഷോറൂമുകൾ വഴി ഹാൻവീവിന്റെ ഉൽപന്നങ്ങൾ വിപണനം നടത്തി വരുന്നു. കർണ്ണാടക ഹാന്റ്ലൂം കോർപ്പറേഷന്റെ മംഗലാപുരം, മർക്കര, ബാംഗ്ലൂർ, മണിപ്പാൽ എന്നീ ഷോറൂമുകളിലും ഹാൻവീവിന്റെ ഉല്പന്നങ്ങൾ ലഭ്യമാണ്. കോയമ്പത്തൂരിലെ 2 ഷോറൂമുകളിലൂടേയും, ഹാന്റക്സ് കൈത്തറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 115 — 14.02.2011 ലെ മറുപടിക്ക്

### വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ.ബാബു | എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കി വരുന്നു എന്ന് വിശദീകരിക്കുമോ; | (എ) | സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടത് മാനേജർമാരുടെ ചുമതലയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമെ ഐ.ടി.അറ്റ് സ്കൂൾ, എസ്.എസ്.എ. ശുചിത്വമിഷൻ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് സ്കൂളുകളിൽ ഇതുവരെ 6335 ഗേൾസ് ടോയ്ലറ്റും 9494 മൂത്രപ്പുരകളും 8385 കുടിവെള്ള പദ്ധതികളും നടപ്പിലാക്കി കഴിഞ്ഞു. സംസ്ഥാനത്തെ 760 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 75 എണ്ണത്തിൽ 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുക ഉപയോഗിച്ച് ലബോറട്ടറി സമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി ടോയ്ലറ്റുകൾ കൂടി നിർമ്മിച്ചിട്ടുണ്ട്. 2010-11 ൽ പദ്ധതി വിഹിതമായി അനുവദിച്ച 686 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 118 ഹയർ സെക്കന്ററി സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണവും കുടിവെള്ള സൗകര്യം ഒരുക്കുന്ന ജോലിയും പുരോഗമിച്ചു വരുന്നു. ഈ വർഷത്തെ (2010-11) |

സപ്ലിമെന്ററി പ്ലാനിൽ ഉൾപ്പെടുത്തി 926 മൂത്രപ്പുരകളുടേയും 1715 കുടിവെള്ള പദ്ധതികളുടേയും പണികൾ പുരോഗമിക്കുന്നു. ഇവ 2011 മാർച്ചിൽ പൂർത്തീകരിക്കുന്നതാണ്. 12-ാം ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് 39 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി 1,35,14,900 രൂപയും ലാബ്. ഫർണിച്ചർ സൗകര്യങ്ങൾക്കായി യഥാക്രമം 3,43,62,026 രൂപയും 1,86,81,340 രൂപയും ചെലവഴിച്ചു.

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പു വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ള സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാർ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവയുടെ സഹകരണം ഉറപ്പാക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിന് സമയബന്ധിതമായ നടപടിക്ക് രൂപം നൽകിയിരുന്നുവോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(സി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിലേക്കായി സമയബന്ധിതമായി നടപടിക്ക് രൂപം നൽകിയിട്ടുണ്ട്. അതിലേക്കായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ,ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എയ്ഡഡ് സ്കൂൾ മാനേജർമാർ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ ഉപഡയറക്ടർമാരെയും, ജില്ലാ വിദ്യാഭ്യാസ ആഫീസർമാരെയും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരെയും എയ്ഡഡ് സ്കൂൾ മാനേജർമാരുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ചു കൊണ്ട് മൂന്ന് മേഖലാതലത്തിൽ (തിരുവനന്തപുരം,എറണാകുളം,കോഴിക്കോട്) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചുചേർക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. എല്ലാ വർഷവും എസ്.എസ്.എ മുഖാന്തിരം അടിസ്ഥാന സൗകര്യവികസനത്തിനായി വാർഷിക പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്.

L. Jayalakshmi

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 116 **14.02.2011** - ൽ മറുപടിക്ക്

## നിർമ്മിതി കേന്ദ്രത്തിന്റെ ചെലവു കുറഞ്ഞ ഭവനനിർമ്മാണം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. പി. ജയരാജൻ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 11-ാം പഞ്ചവൽസര പദ്ധതിയിൽ 2200 ലക്ഷം രൂപ അംഗീകരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാധാരണ ജനങ്ങൾക്ക് മണൽ ഉൾപ്പടെയുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി 11 ജില്ലകളിൽ ന്യായവില വിപണന കേന്ദ്രങ്ങളായ 'കലവറ' പ്രവർത്തിച്ചുവരുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാശാലകൾ തിരുവനന്തപുരം, എറണാകുളം, അടൂർ, പാലക്കാട് എന്നീ കേന്ദ്രങ്ങളിൽ നടപ്പിലാക്കി. ഗുണമേന്മയുള്ള നിർമ്മാണ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ഉൽപ്പാദന കേന്ദ്രങ്ങൾ വിവിധ ജില്ലകളിൽ ആരംഭിച്ചു. |
| (ബി) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതിയെപ്പറ്റി പരിശീലനം നൽകുന്നതിന് നിർമ്മിതി | (ബി) | ഒരു ഏകീകൃത പരിശീലന സമ്പ്രദായം ഉണ്ടാക്കുന്നതിന് കെട്ടിട |

കേന്ദ്രം ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്;

നിർമ്മാണ സാങ്കേതിക വിദഗ്ദ്ധരും വിവിധ കെട്ടിട നിർമ്മാണ തൊഴിലാളി സംഘടനകളും ഒന്നിച്ചിരുന്ന് പരിശീലനത്തിനാവശ്യമായ സിലബസ് രൂപീകരിക്കുകയും സംസ്ഥാനത്തുടനീളം കെസ്നിക്കിന്റെ 14 കേന്ദ്രങ്ങൾ വഴി കൽപ്പണി, മരപ്പണി, കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം, പ്ളംബിംഗ്, വൈദ്യുതീകരണം, കൂടാതെ മറ്റ് സ്വയം തൊഴിൽ സംരംഭങ്ങളായ പൂന്തോട്ടനിർമ്മാണം എന്നിവയിൽ പരിശീലനങ്ങൾ നൽകി വരുന്നു. 2007 മുതൽ 2012 വരെയുള്ള കാലയളവിൽ പരിശീലനങ്ങൾക്കായി 460 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകി. കെസ്നിക് നടത്തുന്ന പരിശീലനങ്ങൾക്ക് പ്രതിദിനം നൽകുന്ന സ്റ്റൈഫന്റ് 35 രൂപയിൽ നിന്നും 125/- രൂപയായി വർദ്ധിപ്പിക്കുകയും സൗജന്യ പഠനോപകരണങ്ങൾ നൽകി വരികയും ചെയ്യുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3151 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) അവിദഗ്ധ നിർമ്മാണ തൊഴിലാളികൾക്കും പരിശീലനം നൽകുന്നുണ്ടോ;

(സി) കൽപ്പണിയിലും മരപ്പണിയിലും പരിശീലനം നൽകുന്നുണ്ട്.

(ഡി) ജയിൽ വകുപ്പുമായി സഹകരിച്ച് തടവുകാർക്ക് കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകുന്നുണ്ടോ;

(ഡി) ഉണ്ട്.

(ഇ) എങ്കിൽ പരിശീലന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഇ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ജയിൽ വകുപ്പുമായി സഹകരിച്ച് വിവിധ ജയിലുകളിൽ കെട്ടിട നിർമ്മാണ മേഖലയിൽ കൽപ്പണി, മരപ്പണി, പൂന്തോട്ട നിർമ്മാണം എന്നീ മേഖലകളിൽ പരിശീലനം നൽകുന്നുണ്ട്.

| | |
|---|---|
| (എഫ്) ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; | (എഫ്) ആകെ 12 പരിശീലനങ്ങളിലായി 299 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (ജി) ചെലവുകുറഞ്ഞ ഭവനനിർമ്മാണത്തിന്റെ പ്രചരണത്തിനായി നിർമ്മിതി കേന്ദ്രം പദ്ധതി ആവിഷ്ക്കരിക്കുമോ? | (ജി) ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 117

14.02.2011- ൽ മറുപടിയ്ക്ക്

## എം.എൻ.ലക്ഷം വീടുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി. പി. കുഞ്ഞുണ്ണി :<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. ബി. രാഘവൻ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) എം.എൻ.ലക്ഷം വീടുകളുടെ നവീകരണത്തിനായി ഭവന നിർമ്മാണ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം നല്കുമോ; | (എ) സംസ്ഥാനത്തെ ലക്ഷം വീടുകളുടെ നവീകരണത്തിനായി 26.11.2004 ലെ സർക്കാർ ഉത്തരവ് നം. (എം.എസ്) 57/04/ഭവനം പ്രകാരം സർക്കാർ ഒരു പദ്ധതി ആവിഷ്കരിക്കുകയും 5 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതി പ്രകാരം ഒരു വീടിന്റെ പുനർ നിർമ്മാണ ചെലവ് 40,000 രൂപയും സർക്കാർ സബ്സിഡി 20,000 രൂപയും ആയിരുന്നു.<br>27.03.2008 ലെ (എം.എസ്) 3/2008/ഭവനം, 19.09.2008 ലെ (എം.എസ്) 15/08/ഭവനം നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. വീടൊന്നിന് 1,00,000/- രൂപ ചെലവ് കണക്കാക്കി പുനർനിർമ്മിക്കുന്നതിനായി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പൊതു വിഭാഗം കുടുംബങ്ങൾക്ക് 50,000 രൂപയും പട്ടികജാതി കുടുംബങ്ങൾ/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബങ്ങൾ/ ആശ്രയ ഗുണഭോക്താക്കൾക്ക് 75,000 രൂപയും, പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 1,00,000/-രൂപയും പരമാവധി സബ്സിഡി നല്കുന്നതുമായ ഈ പദ്ധതിക്ക് സബ്സിഡിയുടെ 50% സംസ്ഥാന സർക്കാർ വിഹിതവും 50% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതവുമാണ്.<br>15.12.2009 ലെ സ.ഉ (എൻ.എസ്)നം. 41/2009/ഭവനം പ്രകാരം ഈ പദ്ധതിയുടെ സബ്സിഡി താഴെ പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | സബ്സിഡി തുക (രൂപ) | സംസ്ഥാന വിഹിതം (രൂ പ) | തദ്ദേശ സ്വയം ഭരണ സ്ഥാപ ന വിഹിതം (രൂപ) |
|---|---|---|---|
| പൊതു വിഭാഗം | - 75000 | 37500 | 37500 |
| പട്ടികജാതി/ശാരീരിക-മാനസിക വെല്ലുവിളി കൾനേരിടുന്നവർ അംഗ ങ്ങളായുള്ള പൊതു വിഭാഗം കുടുംബം/ ആശ്രയ കുടുംബം | 100000 | 50000 | 50000 |
| പട്ടികവർഗ്ഗം | 125000 | 62500 | 62500 |

1.04.2009 മുതൽ കരാറിലേർപ്പെട്ട് വീടുകളുടെ നിർമ്മാണം നടത്തുന്നവർ വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡിക്ക് അർഹരാണ്.

22.01.2011 ലെ (എം.എസ്)5/2011/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്ക് അനുവദി ക്കുന്ന മുഴുവൻ സബ്സിഡി തുകയും നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഭവന നിർമ്മാണ ബോർഡു വഴി നല്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) എത്ര വീടുകളാണ് പുനർനിർമ്മാ ണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ത്;

(ബി) 24825 വീടുകൾ

(സി) പുനർനിർമ്മാണ പദ്ധതി പ്രകാര മുള്ള സബ്സിഡിത്തുക വർദ്ധിപ്പിച്ചി ട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; പദ്ധതി പ്രവർത്തനം അവലോ കനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശ ദാംശം വ്യക്തമാക്കുമോ;

(സി) ഉണ്ട്. 1.04.2009 നു ശേഷം കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ചവർക്ക് സബ്സിഡി 25,000/- രൂപ (എല്ലാ വിഭാഗത്തിനും) വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതി വിവിധതലങ്ങളിൽ അവലോകനം ചെയ്തി-ട്ടുണ്ട്. കാസർഗോഡ്,കോഴിക്കോട്, തൃശൂർ,കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനം അവ ലോകനം ചെയ്തിട്ടുണ്ട്. ബോർഡിന്റെ എല്ലാ ജില്ലക ളിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പദ്ധതി യുടെ പുരോഗതിവിലയിരുത്തുന്നതിനായി പഞ്ചായ ത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെടുന്നുണ്ട്. ഇതിനു പുറമേ സർക്കാർ തലത്തിലും അവലോകനം നടത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ട വീടുകളിൽ താമസിക്കുന്ന പാവപ്പെട്ടവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T 118

14/02/2011 - ൽ മറുപടിയ്ക്ക്

### മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ. | ശ്രീ.കെ.പി.രാജേന്ദ്രൻ (ബഹു: റവന്യു വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) മൂന്നാറിലെ കയ്യേറ്റങ്ങളെ കുറിച്ച് അന്വേഷിക്കാൻ 2003 ൽ നിയോഗിക്കപ്പെട്ട വിദഗ്ധ സമിതി 2006 സെപ്തമ്പറിൽ സർക്കാരിൻ റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി പ്രത്യേക സംഘത്തെ നിയമിച്ചു. മൂന്നാറിലെയും വാഗമണ്ണിലെയും വ്യാജ പട്ടയ വിഷയം പരിശോധിക്കാൻ അഡീഷണൽ ലാന്റ് റവന്യു കമ്മീഷണറെ നിയോഗിച്ചു. മൂന്നാറിലെ കയ്യേറ്റങ്ങൾ മാത്രം പഠിച്ചു റിപ്പോർട്ട് നൽകാൻ റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ദൗത്യ സംഘത്തിന്റെ പ്രവർത്തന ഫലമായി 390 കയ്യേറ്റങ്ങൾ കണ്ടു പിടിച്ചു. 4677.8803 ഹെക്ടർ ഭൂമി സർക്കാരിലേക്ക് വീണ്ടെടുത്തിട്ടുണ്ട്. 24 റിസോർട്ടുകളും മറ്റ് അനധികൃത നിർമ്മാണങ്ങളും പൊളിച്ചു നീക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ട്. 21 എൽ സി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. റിസോർട്ടുകൾ അടക്കം 119 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ കൈക്കൊണ്ടു. കുറ്റക്കാരായ 45 ഉദ്യോഗസ്ഥർക്കെതിരെയും 35 സ്വകാര്യ വ്യക്തികൾക്കെതിരെയും വിജി |

ലൻസ് കേസുൾ എടുത്തു. 39 ക്രിമിനൽ കേസുകളിലായി 215 പേർക്കെതിരെ കേസ്സെടുത്തു. അതിൽ 88 പേരെ അറസ്റ്റ് ചെയ്തു. 78 റവന്യു ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊണ്ടു. മൂന്നാർ മേഖലയിൽ ഏറ്റെടുത്ത ഓക് ഫീൽഡ് റിസോർട്ട് കോടതി വിധിക്ക് വിധേയമായി കെ. ടി. ഡി. സി യുടെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു. ചിന്നക്കനാലിൽ ഏറ്റെടുത്ത 13.59 ഏക്കർ ഏലത്തോട്ടം റവന്യു വകുപ്പ് നേരിട്ട് നടത്തി വരുന്നു. സർക്കാർ ഭൂമിയിലുണ്ടാകുന്ന കയ്യേറ്റങ്ങൾ തടയുന്നതിന് ഭൂസംരക്ഷണ നിയമം ഭേദഗതി ചെയ്തു. മൂന്നാറിലും പരിസരങ്ങളിലും ടാറ്റ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു. കൂടുതൽ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും സർക്കാർ ഭൂമി തിട്ടപ്പെടുത്തുന്നതിനും ഭൂമി കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വേ ജോലികൾ ഏറ്റെടുത്തു. കയ്യേറ്റങ്ങൾ തടയുന്നതിനും ഭൂമി പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും മൂന്നാർ ഉൾപ്പെടുന്ന കെ. ഡി. എച്ച് വില്ലേജിനെ ആറ് സെക്ടറുകളായി തിരിച്ച് സെക്ടറൽ ഓഫീസുകൾ സ്ഥാപിച്ചു. വ്യാജ പട്ടയങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുവാനും റവന്യു റിക്കാർഡുകൾ യഥാവിധി പുനസ്ഥാപിക്കുവാനും മൂന്നാർ ആസ്ഥാനമാക്കി ഒരു സ്പെഷൽ റവന്യു ഓഫീസ് രൂപീകരിച്ചു.

ബി) മൂന്നാർ ടൗൺഷിപ്പിൽ ടാറ്റയുടെ നിയന്ത്ര

(ബി) മൂന്നാർ ടൗൺഷിപ്പിൽ ടാറ്റയുടെ നിയന്ത്രണം

| | | | |
|---|---|---|---|
| | പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | | അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി 1000 ഏക്കർ ഭൂമി മൂന്നാർ ടൗൺഷിപ്പ് ഏറ്റെടു ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരു ന്നു. കൂടാതെ ഭൂരഹിതരായ 3400 പേർക്ക് 3 സെന്റ് മുതൽ 10 സെന്റ് വരെ സ്ഥലം മൂന്നാറിലും സമീപ വില്ലേജുകലളിലുമായി പതിച്ചുകൊടുത്തിട്ടുള്ളതുമാണ്. |
| (സി) | കയ്യേറ്റ ഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങൾ ഇനിയും പൊളിക്കേണ്ടതായിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടു ത്തുമോ; | (സി) | കോടതി സ്റ്റേ ഇല്ലാത്ത കേസുകളിൽ ശ്രദ്ധ യിൽപ്പെട്ട കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതാണ്. കയ്യേറ്റ ഭൂമിയിലെ ചില കെട്ടിടങ്ങൾ പൊളി ക്കുന്നതിനെതിരെ കോടതികളിൽ കേസു കൾ നിലിവിലുള്ളതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ 119 | 14/02/2011 ൽ<br>മറുപടിക്ക് |

### അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ടുവരുന്നതിനുള്ള ശുപാർശകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി. ജോസഫ്:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. കെ. ബാബു:<br>ശ്രീ. എം. മുരളി: | | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| (എ) | പുതിയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ടു വരുന്നതിന് എന്തൊക്കെ ശുപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1 മുതൽ 5 വരെ ക്ളാസ്സുകളിൽ 1:30 ആയും 6 മുതൽ 8 വരെ ക്ളാസ്സുകളിൽ 1:35 ആയും നിശ്ചയിക്കാനാണ് ശുപാർശ ചെയ്തിട്ടുള്ളത്. |
| (ബി) | സ്കൂൾ ഒരു യൂണിറ്റായി പരിഗണിച്ച് അനുപാതം നിർണ്ണയിക്കണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നാണ് കരുതുന്നത്; | (ബി) & (സി) | വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്. |
| (സി) | ക്ളാസ്സ് ഒരു യൂണിറ്റായി കണക്കാക്കി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിർണ്ണയിക്കണമെന്ന നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; | | |
| (ഡി) | ഇതിനനുസൃതമായി വിദ്യാഭ്യാസ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ; | (ഡി) | കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 120 — 14.02.2011 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തന നില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. സി.എം. ദിനേശ് മണി:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തന നില വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിൽ 31 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. എന്നാൽ 2009-10 സാമ്പത്തിക വർഷം 5 സ്ഥാപനങ്ങൾ മാത്രമായി കുറഞ്ഞിട്ടുണ്ട്. 2005-06 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 69.45 കോടിരൂപയായിരുന്നു. എന്നാൽ 2009-10 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപന ങ്ങളുടെ മൊത്തം ലാഭം 239.75 കോടിരൂപയായി ഉയർത്തുവാൻ സാധിച്ചു. 2010-11 സാമ്പത്തിക വർഷത്തെ ഇതുവരെയുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും മികച്ച നേട്ടമാണു പ്രതീക്ഷിക്കുന്നത്. |
| (ബി) മുൻകാലത്തെ അപേക്ഷിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടം വ്യക്തമാക്കുമോ; | (ബി) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ അനുബന്ധം- I ആയി ചേർക്കുന്നു. |
| (സി) സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏകീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) 1. G.O.(Ms) No.44/2007/ID dated 30.03.07 പ്രകാരം Kerala State Industrial Products Trading Corporation Ltd നെ Travancore Titanium Products Ltd-മായി ലയിപ്പിക്കാനുള്ള തീരുമാന മായിട്ടുണ്ട്.<br>2. Sitaram Textiles and Trivandrum Spinning Mills എന്നീ സ്ഥാപനങ്ങളെ Kerala State Textiles Corporation Ltd-ന്റെ യൂണിറ്റുകളാക്കി മാറ്റി.<br>3. Keltron Magnetics Ltd, Keltron Crystals Ltd and Keltron Resistors Ltd എന്നി സ്ഥാപനങ്ങളെ Keltron Component Complex Ltd-മായി ലയിപ്പിച്ചു. |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ എത്ര തുക നിക്ഷേപം നടത്തിയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാസ്ഥാപനങ്ങളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നും 87.14 കോടി രൂപ നൽകിയിട്ടുണ്ട്. ആകെ ബഡ്ജറ്റിൽ നിന്നും നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | (Rs.in crores) |
|---|---|
| One Time Settlement With Banks / FIs | - 90.98 |
| Settlement of balance VRS / SSNP dues in PSUs | - 31.38 |
| Modernisation / Revival / restructuring | - 87.14 |
| Working capital / holding on operations | - 56.43 |

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം- II ആയി ചേർക്കുന്നു.

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി ഇല്ലാതാക്കാൻ പൊതു വിജിലൻസ് സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

(എഫ്) പൊതു വിജിലൻസ് സംവിധാനം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്